
Deivarajyam August 2017
I R.N.7623/63
Registered No. KL/ALY/0020/2017-2019 I R.N. 7623/1963
Date of publication: 1/8/2017
I Posted at Thodupuzha Stg.
Annual Subscription ₹ 100.00




Printed at Sanjo Offset Press, Kothamangalam
Editor, Printer & Publisher Rev. Dr. George Thekkekara
Bishop's House, Kothamangalam - 686 691

ആഗസ്റ്റ് 2017 വാല്യം 56 ലക്കം 8

# ദൈവരാജ്യം

കോതമംഗലം രൂപത ബുള്ളറ്റിൻ



# ആദരാഞ്ജലികൾ

NARAKAKKANAM
18/03/1963-18/03/1967
MARIAPURAM
VIMALAGIRI
18/03/1963-29/04/1965
VAZHATHOPE
18/03/1963-18/03/1967
NEDIAKAD
30/05/1962-18/03/1963
NAKAPUZHA
19/05/1962-30/05/1962
KALIYAR
27/03/1961-19/05/1962
PARATHODE
MANKUVA
PANIKKAMKUDY
15/09/1957-27/03/1961
KOOMPANPARA
KALLARKUTTY
THOKKUPARA
05/06/1957-15/09/1957
NEYYASERY
18/03/1957-05/06/1957

VELLAYAMKUDY
18/03/1967-28/03/1969
THANKAMANY
28/03/1969-21/03/1970

KOOMPANPARA
21/03/1970-27/03/1973
NEDIASALA
27/03/1974-14/04/1976

UPUTHODE
18/03/1963-18/03/1967
KADAVOOR
14/04/1976-15/07/1977
NEDUMKANDAM
15/07/1977-28/03/1981
NAZARATH VALLEY
15/07/1977-21/03/1978
THOOKKUPALAM
15/07/1977-18/04/1980
MAVADY
KOCHUKAMASHI
11/07/1981-20/10/1981
KADALIKAD
20/10/1981-06/04/1984
VELLATHOOVAL
06/04/1984-21/04/1990
KODIKULAM
21/04/1990-30/04/1994
KARAKUNNAM
30/04/1994-01/05/1998
KURUPPUMPADY
01/05/1998-05/05/2001
CHITTOOR
05/05/2001-05/05/2003



**Fr. Joseph Kannathukuzhy**

**05.03.1928 - 17.07.2017**

ദൈവരാജ്യം




*Patron*
**Mar George Madathikandathil**
Bishop of Kothamangalam

*Editor, Printer & Publisher*
**Rev. Dr. George Thekkekara**

വാല്യം 56
ആഗസ്റ്റ് 2017
ലക്കം 8

The Eparchial Curia
Bishop's House, P.B. No.6
Kothamangalam - 686 691
Mob. 8281946306
bishophouseklm@gmail.com

# ഉള്ളടക്കം


5 അഭിവന്ദ്യ പിതാവിന്റെ സർക്കുലർ
9 2017 ആഗസ്റ്റ് 13 ഞായർ തടവറ പ്രേഷിതദിനം സർക്കുലർ
13 2017 ആഗസ്റ്റ് 20 ജസ്റ്റീസ് സൺഡേ സർക്കുലർ
16 രൂപതക്കച്ചേരി
17 മൈനർ സെമിനാരി
18 വിജ്ഞാനഭവൻ
22 വിദ്യാഭ്യാസം
23 സോഷ്യൽ സർവീസ്
25 തിരുബാലസഖ്യം
26 ചെറുപുഷ്പമിഷൻലീഗ്
28 കെ.സി.എസ്.എൽ.
29 ഫാമിലി അപ്പോസ്റ്റലേറ്റ്
32 ഡി.എഫ്.സി.
32 ജീസസ് യൂത്ത്
33 മാതൃവേദി
34 ഡി.സി.എം.എസ്.
34 എ.കെ.സി.സി.
35 എമ്മാനുവൽ റിട്രീറ്റ് സെന്റർ
36 പ്രാർത്ഥനാഗ്രൂപ്പ്
37 അല്മായ ഫ്രാൻസിസ്കൻ സഭ
39 സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി
40 നെസ്റ്റ് പ്രോഗ്രാം
40 തിരുനാൾ മംഗളങ്ങൾ
40 രൂപതാദ്ധ്യക്ഷന്റെ ഡയറി
45 Bishop's Engagements
45 നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം
46 നിര്യാതരായി




## ഓർമ്മിക്കാൻ

**2-4** Pre-Marriage Course

**13** തടവറ പ്രേഷിത ദിനം

**16-18** Pre-Marriage Course

**20** Justice Sunday

**26** CML Joint Directors' Meet

## തിരുനാളുകൾ

1 St. Alphonse Liguori

4 St. John Maria Vianney

4 Mar Mari

6 Transfiguration Of Christ

8 St. Dominic

11 St. Clara

14 St. Maximilian Kolbe

15 Assumption Of Mary

21 St. Pius X

24 St. Bartholomeo

28 St. Augustine

29 St. Euphrasia

ദൈവകൃപയാൽ

കോതമംഗലം രൂപതയുടെ മെത്രാനായ

## മാർ ജോർജ് മഠത്തിക്കണ്ടത്തിൽ

നമ്മുടെ രൂപതയിലെ വൈദികസഹോദരന്മാർക്കും

സന്യാസിനീസന്യാസികൾക്കും

അല്മായ വിശ്വാസികൾക്കും ഫാത്തിമാ സന്ദേശയാത്ര

സംബന്ധിച്ച് പുറപ്പെടുവിക്കുന്ന സർക്കുലർ

വന്ദ്യസഹോദരരേ, പ്രിയ മക്കളേ,

1917 -ൽ പോർച്ചുഗലിലെ ഫാത്തിമായിൽ പരിശുദ്ധ കന്യകാമറിയം ലൂസിയ, ജെസീന്ത, ഫ്രാൻസിസ്കോ എന്നീ മൂന്നു കുട്ടികൾക്ക് പ്രത്യക്ഷപ്പെട്ടതിന്റെ ശതാബ്ദി ഈ വർഷം നാം കൊണ്ടാടുകയാണ്. 1917 മെയ് 13-നും ഒക്ടോബർ 13-നും ഇടയിലായി കൃത്യമായ ഇടവേളകളിൽ 6 പ്രാവശ്യം ഫാത്തിമായിലെ കോവ ദ ഈറിയ (Cova da Iria) വയലിൽ മാതാവ് ഈ കുട്ടികൾക്ക് പ്രത്യക്ഷപ്പെടുകയും സന്ദേശങ്ങൾ നല്കുകയും ചെയ്തു. വ്യക്തിപരമായ വിശുദ്ധീകരണത്തിനും ലോകത്തിന്റെ മാനസാന്തരത്തിനും ശുദ്ധീകരണസ്ഥലത്തിലെ ആത്മാക്കളുടെ ശാന്തിക്കുംവേണ്ടി ധാരാളമായി ജപമാല ചൊല്ലണമെന്ന് ജപമാല കയ്യിലേന്തിയും സൂര്യനെ വെല്ലുന്ന തേജസ്സുള്ള വസ്ത്രമണിഞ്ഞും പുഞ്ചിരി തൂകി പ്രത്യക്ഷപ്പെട്ട മാതാവ് ആ കുട്ടികളോടാവശ്യപ്പെട്ടു. 1571 -ലെ ലെപ്പാന്തോ യുദ്ധത്തിൽ മാതാവിന്റെ മാദ്ധ്യസ്ഥ്യം വഴി അത്ഭുതകരമായ വിജയം വരിച്ചതിന്റെ ഓർമ്മയ്ക്കായി ഒക്ടോബർ 7 പരിശുദ്ധ ജപമാല രാജ്ഞിയുടെ തിരുനാളായും ഒക്ടോബർ മാസം ജപമാല പ്രാർത്ഥനയുടെ മാസമായും സഭയിൽ പ്രത്യേകം നീക്കി വച്ചിട്ടുണ്ട്. എങ്കിലും ഫാത്തിമാമാതാവ് കുട്ടികളോട് ജപമാല ചൊല്ലേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് പ്രത്യേകം അരുളിച്ചെയ്തു എന്നത് ഫാത്തിമാപ്രത്യക്ഷത്തിന്റെ പ്രസക്തി വർദ്ധിപ്പിക്കുന്നു.

1917-ലെ പോർച്ചുഗലിന്റെയും യൂറോപ്പിന്റെയും പൊതുവെയുള്ള സാമൂഹിക-രാഷ്ട്രീയ പശ്ചാത്തലമാണ് ഫാത്തിമാസംഭവത്തെ അനന്യമാക്കുന്നത്. 1914 മുതൽ 1918 വരെ യൂറോപ്പിനെ ഇളക്കി മറിച്ച ഒന്നാം ലോക മഹായുദ്ധവും 1910 മുതൽ 1926 വരെ പോർച്ചുഗലിൽ നിലനിന്ന വിശ്വാസ വിരുദ്ധ ഭരണകൂടമായിരുന്ന 'ഒന്നാം റിപ്പബ്ലിക്കും' പ്രത്യേകം പ്രസ്താവ്യമാണ്. മനുഷ്യയുക്തിയുടെ അപാരമായ ശക്തി



യിലും സാദ്ധ്യതകളിലും അന്ധമായി വിശ്വസിച്ച ജ്ഞാനോദയവും (enlightenment) തദ്വാരാ കൈവന്ന ജ്ഞാനാധിഷ്ഠിത മൂല്യങ്ങളും വിക്ടോറിയൻ സാംസ്കാരിക മുന്നേറ്റത്തിന്റെ സാമൂഹ്യ സൂചികകളുമെല്ലാം വെറും പുറംപൂച്ചുകൾ മാത്രമായിരുന്നെന്ന് മനുഷ്യൻ സ്വയം ലോകത്തോട് വിളിച്ചുപറഞ്ഞ കാലഘട്ടമാണിത്. ഉന്നതമായ സാംസ്കാരിക ബൗദ്ധിക മൂല്യങ്ങളെക്കുറിച്ച് ഒരു വശത്ത് തികഞ്ഞ മാന്യതയുടെ മൂടുപടമണിഞ്ഞ് ചർച്ച ചെയ്യുന്ന മനുഷ്യൻ മറുവശത്ത് കച്ചവടതാത്പര്യങ്ങൾക്കുവേണ്ടി അത്യന്തം വിനാശകരമായ യുദ്ധത്തിൽ ഏർപ്പെടുന്ന സാഹചര്യമുണ്ടായി. നിരപരാധികളുടെ രക്തപ്പുഴ ഒഴുകിയ അർമേനിയൻ വംശഹത്യയും റഷ്യൻ കമ്മ്യൂണിസ്റ്റ് വിപ്ലവവും ഇതിനോട് കൂട്ടിച്ചേർത്ത് വായിക്കേണ്ടതാണ്.

അശാന്തിയുടെയും അവിശ്വാസത്തിന്റെയും സന്ദിഗ്ദ്ധതയുടെയും ഈ ഇരുട്ടിലേക്കാണ് സൂര്യനെ വെല്ലുന്ന പ്രഭയുള്ള വസ്ത്രമണിഞ്ഞ് ഫാത്തിമാമാതാവ് കടന്നുവന്നത്. ഇരുളിൽ തപ്പിത്തടഞ്ഞവർക്ക് ആ തേജസ്സാർന്ന സാന്നിദ്ധ്യം തിരിച്ചറിവും ദിശാബോധവും നൽകി. അർത്ഥവും കേന്ദ്രീയതയും നഷ്ടപ്പെട്ട് സർവ്വവും ശിഥിലമാക്കുന്ന സാമൂഹ്യവ്യവസ്ഥയെക്കുറിച്ച് വിലപിച്ച ചിന്തകർ 20-ാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ ധാരാളമുണ്ടായിരുന്നു. അവിടെയാണ് ലോകത്തിന്റെ ഭാവിയെക്കുറിച്ച് പ്രതീക്ഷനൽകുന്ന വചനങ്ങളുമായി ഫാത്തിമാമാതാവ് കടന്നു വന്നത്.

കാനായിലെ ഒരു കുടുംബത്തിന്റെ നിസ്സഹായതയിൽ മനസ്സലിഞ്ഞ് ആ അമ്മയേക്കാളും മികച്ച ഒരു സമ്മാനവും ഈശോയ്ക്ക് മനുഷ്യവംശത്തിന്റെ പ്രതിനിധിയായ യോഹന്നാന് കാൽവരിയിൽ വച്ച് നൽകാനുണ്ടായിരുന്നില്ല. കാനായിലെ അതേ കരുതലും സ്നേഹവുമാണ് ഫാത്തിമായിലും മാതാവ് പ്രകടിപ്പിച്ചിരുന്നത്.

പരിശുദ്ധ കന്യകാമറിയത്തിന്റെ വിമലഹൃദയത്തിന് പ്രത്യേകമായി പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന നമ്മുടെ രൂപതയിൽ 'ഫാത്തിമാ പ്രത്യക്ഷ'ത്തിന്റെ ശതാബ്ദിക്ക് വലിയ പ്രസക്തിയുണ്ട് എന്ന് ഞാൻ പ്രത്യേകം എടുത്തു പറയട്ടെ. ലോകസമാധാനത്തിനും മനുഷ്യന്റെ വിശുദ്ധീകരണത്തിനുമായി ഫാത്തിമാമാതാവ് നിർദ്ദേശിച്ച കാര്യങ്ങൾക്ക് ഇന്നും നമ്മുടെ വ്യക്തിപരമായ ജീവിതത്തിലും നാം ജീവിക്കുന്ന സാമൂഹ്യസാഹചര്യങ്ങളിലും ഗുണപരമായ ധാരാളം മാറ്റങ്ങൾ

സൃഷ്ടിക്കാനാകും. ഇടുങ്ങിയ മൂലകളെയും ഇരുണ്ട ചക്രവാളങ്ങളെയും മടക്കിക്കൊണ്ടുവരാൻ ശ്രമിക്കുന്ന പ്രതിലോമകരമായ പ്രത്യയശാസ്ത്രങ്ങൾ ഒരു വശത്തും, പദാർത്ഥാതീതമായ ഒന്നിനെയും അംഗീകരിക്കാത്ത ഭൗതികവാദം മറുവശത്തും ശക്തിയാർജിക്കുന്നു. ഫ്രാൻസിസ് മാർപാപ്പാ ആകുലപ്പെടുന്നതുപോലെ 'നിർവികാരത ആഗോളവത്ക്കരിക്കപ്പെടുന്നു' (Globalization of indifference). കമ്പോളവത്കരണത്തിന്റെ ഈ കാലഘട്ടത്തിൽ കമ്പോളം തന്നെ ആരാധനാലയമായി മാറുന്നു. പണമാണവിടുത്തെ ദൈവം. ലാഭമാണവിടുത്തെ വ്യാകരണം. എന്തുവിലകൊടുത്തും ഏതുമൂല്യങ്ങളെയും ബലികഴിച്ചും നേടേണ്ട ആത്യന്തിക നന്മയാണ് വികസനം എന്ന കാഴ്ചപ്പാട് (Growth Fetish) വികലമാണ്. വിരലിലെണ്ണാവുന്ന ഗുണഭോക്താക്കൾക്ക് ബംബർ ലോട്ടറിയും ബഹുഭൂരിപക്ഷം വരുന്ന സാധാരണക്കാർക്ക് നിത്യദുരിതവും സമ്മാനിക്കുന്ന 'വികസന കുതിപ്പുകളു'ടെ 'വെറും കാഴ്ചക്കാരാ'കേണ്ടി വരുന്നത് ദുഃഖകരമാണ്. കാനായിലെ പരിശുദ്ധ അമ്മയുടെ ഔത്സുക്യം ഈ നിർവികാരതയ്ക്ക് മറുമരുന്നാകണം. കഷ്ടതയനുഭവിക്കുന്ന സഹോദരന്റെയും ചൂഷണത്താൽ നട്ടം തിരിയുന്ന പ്രകൃതിയുടെയും നിലവിളി കേൾക്കാനാകാത്തവിധം ബധിരരായി മാറിയവർക്ക് ദൈവിക അരുളപ്പാട് ശ്രദ്ധയോടെ ശ്രവിച്ച് ദൈവിക പദ്ധതിയിൽ സർവാത്മനാ സഹകരിച്ച പരിശുദ്ധ അമ്മ ഒരു വെല്ലുവിളിയാണ്. അനീതിയെയും അസത്യങ്ങളെയും സ്ഥാപനവത്കരിക്കുന്ന സാമൂഹ്യസാഹചര്യങ്ങളെയും, നമ്മുടെ വ്യക്തിജീവിതത്തെയും ചോദ്യം ചെയ്യുന്ന സാന്നിദ്ധ്യമായി ഫാത്തിമാമാതാവ് ഒരിക്കൽകൂടി നമ്മുടെ ഇടയിലേക്ക് കടന്നുവരുന്നു.

പരിശുദ്ധ അമ്മ ഫാത്തിമായിൽ പ്രത്യക്ഷപ്പെട്ടതിന്റെ ശതാബ്ദി ആഘോഷത്തിലാണല്ലോ പരിശുദ്ധ കത്തോലിക്കാ സഭാ. കേരളസഭയിൽ ഈ ശതാബ്ദി ആഘോഷ കർമ്മപദ്ധതികൾ കെ.സി.ബി.സി. യുടെ തീരുമാനപ്രകാരം കരിസ്മാറ്റിക് കമ്മീഷന്റെ നേതൃത്വത്തിലുള്ള ഫാത്തിമ സെന്റിനറി സെലിബ്രേഷൻ കമ്മറ്റി (FCCC) യാണ് കോ-ഓർഡിനേറ്റു ചെയ്യുന്നത്. കരിസ്മാറ്റിക് ശുശ്രൂഷാ സംവിധാനമായ സോണൽ ഫാത്തിമ സെന്റിനറി സെലിബ്രേഷൻ കമ്മറ്റി ( ZFCCC) യാണ് ഈ ഫാത്തിമ സന്ദേശയാത്രയ്ക്കും മറ്റ് ആഘോഷങ്ങൾക്കും പ്രാദേശികമായി നേതൃത്വം നല്കുന്നത്.



കേരളസഭയുടെ ഈ ആഘോഷത്തിന്റെ ഭാഗമായി ഫാത്തിമായിൽ നിന്നും പ്രത്യേകമായി കൊണ്ടുവരുന്ന പരിശുദ്ധ അമ്മയുടെ തിരുസ്വരൂപവും വഹിച്ചുകൊണ്ടു നടത്തുന്ന ഫാത്തിമാ സന്ദേശയാത്രക്കുള്ള ഒരുക്കങ്ങൾ പൂർത്തിയായിക്കൊണ്ടിരിക്കുന്നു. കരിസ്മാറ്റിക് സുവർണ്ണ ജൂബിലിയുടെ സമാപന ആഘോഷത്തിന്റെ ഭാഗമായി ഇരിങ്ങാലക്കുട ആളൂർ ല്യൂമൻ യൂത്ത് സെന്റർ ഗ്രൗണ്ടിൽ നടക്കുന്ന അഖിലലോക മലയാളി കരിസ്മാറ്റിക് സംഗമവേദിയിൽ നിന്നും 2017 ആഗസ്റ്റ് 15-ാം തീയതി ആരംഭിച്ച് 2017 ഒക്ടോബർ 28-ന് വല്ലാർപാടം ബസിലിക്കയിൽ സമാപിക്കുന്നതാണ് ഈ ഫാത്തിമാസന്ദേശയാത്ര.

കോതമംഗലം രൂപതയിൽ ഫാത്തിമാസന്ദേശയാത്ര സെപ്തംബർ 12-ാം തീയതി രാവിലെ 7 മണിക്ക് കത്തീഡ്രൽ പള്ളിയിൽവച്ച് സ്വീകരണത്തോടെ ആരംഭിക്കുന്നതും 14-ാം തീയതി വണ്ണപ്പുറം പള്ളിയിൽ രാത്രി ആരാധനയോടുകൂടി അവസാനിക്കുന്നതുമാണ്. സന്ദേശയാത്രയുടെ വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്. ഫാത്തിമാസന്ദേശയാത്ര രൂപതാമദ്ധ്യസ്ഥയായ മാതാവിന്റെ വിമലഹൃദയത്തോടുള്ള ഭക്തി വളർത്തുവാൻ നമ്മെ പ്രചോദിപ്പിക്കട്ടെ. പരിശുദ്ധ അമ്മ ഫാത്തിമായിൽ നൽകിയ സന്ദേശം കേരളസഭയിൽ പ്രഘോഷിക്കുവാൻ ലഭിച്ചിരിക്കുന്ന ഈ അസുലഭ അവസരത്തിലൂടെ സഭയുടെയും സമൂഹത്തിന്റെയും നവീകരണത്തിനായി നമുക്ക് ഒരുമിച്ച് പരിശ്രമിക്കാം. പ്രാർത്ഥിച്ചൊരുങ്ങി പരിശുദ്ധ അമ്മയെ നമുക്ക് സ്വീകരിക്കാം. പരിശുദ്ധകന്യകാമറിയത്തിന്റെ മദ്ധ്യസ്ഥതയാൽ നമ്മുടെ ജീവിതങ്ങൾ കൂടുതൽ പ്രകാശപൂരിതമാകട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് പിതാവിന്റെയും ✠ പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ നിങ്ങളെയോരോരുത്തരെയും ഹൃദയപൂർവം ഞാൻ ആശീർവദിക്കുന്നു.

എന്ന്,

കോതമംഗലം മെത്രാസനമന്ദിരത്തിൽ നിന്ന്
മാർ ജോർജ്ജ് മഠത്തിക്കണ്ടത്തിൽ
കോതമംഗലം രൂപതാദ്ധ്യക്ഷൻ

N:B: 2017 ആഗസ്റ്റ് 15-ാം തീയതി ഈ സർക്കുലർ കോതമംഗലം രൂപതയിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും ദിവ്യബലി മദ്ധ്യേ വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

Ref: 3037/K-5/KCBC/OL/DS 5.7.2017

# 2017 ആഗസ്റ്റ് 13 ഞായർ തടവറ പ്രേഷിത ദിനം

കെസിബിസി ജസ്റ്റീസ്, പീസ് ആൻഡ് ഡെവലപ്പ്മെന്റ്
കമ്മീഷന്റെ കീഴിൽ പ്രവർത്തിക്കുന്ന
ജീസസ് ഫ്രട്ടേണിറ്റി നടത്തുന്ന തടവറ
പ്രേഷിതപ്രവർത്തനത്തിൽ സഭാമക്കൾ
പങ്ക് ചേരുകയെന്ന ആവശ്യകതയെക്കുറിച്ച് പുറപ്പെടുവിക്കുന്ന
സർക്കുലർ

കർത്താവിൽ പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ,

'കർത്താവിന്റെ ആത്മാവ് എന്റെമേൽ ഉണ്ട്. പീഡിതരെ സദ്വാർത്ത അറിയിക്കുന്നതിന് അവിടുന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു. ഹൃദയം തകർന്നവരെ ആശ്വസിപ്പിക്കാനും തടവുകാർക്ക് മോചനവും ബന്ധിതർക്ക് സ്വാതന്ത്ര്യവും വിലപിക്കുന്നവർക്കു സമാശ്വാസവും നൽകാനും എന്നെ അയച്ചിരിക്കുന്നു' (ഏശ 61:1-2). ഏശയ്യായുടെ പുസ്തകത്തിൽ നിന്നുള്ള ഈ ഭാഗം ഉദ്ധരിച്ചു കൊണ്ടാണ് യേശു തന്റെ പരസ്യദൗത്യം ആരംഭിക്കുന്നത് (ലൂക്ക 4:18). തടവറയിൽ കഴിയുന്ന മക്കളോട് താദാത്മ്യപ്പെടുന്ന യേശുവിനെ സുവിശേഷത്തിൽ നാം കാണുന്നു. തന്റെ അവസാന 18 മണിക്കൂറുകൾ യേശു ചെലവഴിച്ചത് തടവറയിലായിരുന്നു. ഒരു കുറ്റവാളിയെന്ന വിധിയും കുരിശുമരണവുമാണ് അവിടത്തെ കാത്തിരുന്നത്. അവിടുന്ന് കാരാഗൃഹത്തിലടയ്ക്കപ്പെട്ടപ്പോൾ പാപാന്ധകാരത്തിന്റെ തടവറയിൽ നിന്ന് മനുഷ്യവംശം മോചനം നേടി. 'കുറ്റവാളി'യായി അവൻ മരിച്ചതിനാൽ നമ്മൾ കുറ്റവിമുക്തരായി. അവൻ തടവുകാരുടെ അടുക്കലേക്ക് ചെന്നു അനേകം ആത്മാക്കളെ മോചിപ്പിച്ചുവെന്ന് പൗലോസ് ശ്ലീഹാ വീണ്ടും പറയുന്നു. തടവറ ശുശ്രൂഷ യേശുവിന്റെ പ്രവർത്തനത്തിന്റെ തുടർച്ചയാണ്.

2017 ആഗസ്റ്റ് മാസം 13-ാം തീയതി ഞായറാഴ്ച കേരള കത്തോലിക്കസഭ തടവറ പ്രേഷിതദിനമായി ആചരിക്കുകയാണ്. സഹതടവുകാരനു പകരമായി തന്റെ ജീവൻ നല്കി രക്തസാക്ഷിത്വ മകുടം ചൂടിയ വിശുദ്ധ മാക്സ്മില്യൻ മരിയ കോൾബേയാണ് തടവറ പ്രേഷിതപ്രവർത്തനങ്ങളുടെ മദ്ധ്യസ്ഥൻ. ഈ വിശുദ്ധന്റെ തിരുനാൾ ദിനമായ ആഗസ്റ്റ് 14-ന് മുമ്പ് വരുന്ന ഞായറാഴ്ചയാണ് തടവറ പ്രേഷിതദിനമായി കേരളസഭ കൊണ്ടാടുന്നത്. മാതൃഭക്തി പ്രചരിപ്പിക്കാൻ ഈ വിശുദ്ധൻ കേരളം സന്ദർശിച്ച് എറണാകുളം, വരാപ്പുഴ രൂപതകളിൽ അഭിവന്ദ്യപിതാക്കന്മാരുടെ അതിഥിയായി താമസിച്ചിരുന്നുവെന്നത് ഈ വിശുദ്ധനെ കേരളത്തിന് പ്രിയപ്പെട്ടവനാക്കുന്ന കാര്യമാണ്. ബന്ധനത്തിൽ കഴിയുന്ന ആളുകളോടും അവരുടെ ക്ലേശിക്കുന്ന കുടുംബാംഗങ്ങളോടും കുറ്റകൃത്യങ്ങൾക്ക് ഇരയായവരുടെ കുടുംബങ്ങളോടും ക്രൈസ്തവർക്ക് ഉണ്ടായിരിക്കേണ്ട കടമകളെക്കുറിച്ച് ചിന്തിക്കാൻ ഈ ദിവസം വിനിയോഗിക്കണം.



സാംസ്കാരിക കേരളമെന്ന് നാം അഭിമാനിക്കുന്ന 'ദൈവത്തിന്റെ സ്വന്തം നാട്' കുറ്റകൃത്യങ്ങളുടെ നാടായി മാറികൊണ്ടിരിക്കുന്നു. 57 ജയിലുകളിലായി 7500-ൽപ്പരം ആളുകൾ തടവറയിൽ കഴിയുന്നു. ഏറ്റവും കൂടുതൽ സാക്ഷരത അവകാശപ്പെടുന്ന കൊച്ചുകേരളത്തിലാണ് ഏറ്റവും കൂടുതൽ കുറ്റകൃത്യങ്ങൾ നടക്കുന്നതെന്ന് ദേശീയ കുറ്റകൃത്യ റിക്കോഡ് ബ്യൂറോ (NCRB) കണക്കുകളിൽ നിന്നു വ്യക്തമാണ്. 2012-ലെ കുറ്റകൃത്യാനുപാതം അനുസരിച്ച് (കുറ്റകൃത്യാനുപാതം കണക്കാക്കുന്നത് ഒരു ലക്ഷത്തിലാണ്) കേരളത്തിൽ 455.8 ഉം, 2017-ൽ 723.3-ഉം ആണ് കുറ്റകൃത്യങ്ങൾ. ഇത് ദേശീയ ശരാശരിയുടെ അഞ്ച് മടങ്ങ് കൂടുതലാണ്. രണ്ടാം സ്ഥാനത്തുള്ള മധ്യപ്രദേശിൽ ഇത് 348.3 മാത്രമാണെന്ന് ഓർക്കണം. സൈബർ കുറ്റകൃത്യങ്ങളിൽ 350 ശതമാനം ആനുപാതിക വർദ്ധനയുണ്ടായപ്പോൾ സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള പീഡനത്തിൽ സംസ്ഥാനങ്ങളിൽ റെക്കോ ഡ് വളർച്ചയാണ് കേരളത്തിലുണ്ടായത്. സ്ത്രീകൾക്കു സുരക്ഷിതത്വം ഇല്ലാത്ത നാടെന്ന കുപ്രസിദ്ധിയും നമുക്കു സ്വന്തം. മദ്യപാനത്തിലും മയക്കുമരുന്നിന്റെ ഉപയോഗത്തിലും ഭയാനകമായ വർദ്ധനയാണ് ഓരോ വർഷവും രേഖപ്പെടുത്തുന്നത്. ഒരുപക്ഷേ മറ്റു സംസ്ഥാനങ്ങളിൽ കുറ്റകൃത്യങ്ങൾ എത്രമാത്രം രജിസ്റ്റർ ചെയ്യുന്നുവെന്നത് ഒരു കാരണം ആയേക്കാം. എങ്കിലും നമ്മുടെ സ്ഥിതി ഏറെ പരിതാപകരമാണ്.

എല്ലാ വ്യക്തികളുടെയും അടിസ്ഥാനമഹത്ത്വം അംഗീകരിക്കണമെന്നും ആദരിക്കണമെന്നും യേശുവിന്റെ സുവിശേഷം ആവശ്യപ്പെടുന്നുണ്ടല്ലോ. ഒരാളുടെ സാമൂഹികാവസ്ഥയോ കഴിഞ്ഞകാല പ്രവർത്തനമോ ഇപ്പോഴത്തെ അവസ്ഥയോ എന്തായിരുന്നാലും അയാൾ മഹത്ത്വമുള്ളവനാണ്. ദൈവത്തിന്റെ ഛായയിലും

സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടിരിക്കുന്നതിനാലുള്ള മഹത്ത്വമാണിത് (ഉത്പ 1:27). പാപം പോലും മനുഷ്യന്റെ ആ മഹത്ത്വം ഇല്ലാതാക്കുന്നില്ല. വ്യവസ്ഥയില്ലാതെ ദൈവം നമ്മെ സ്നേഹിക്കുന്നതിന്റെ അർത്ഥമിതാണ്. അവിടന്നു നീതിമാന്മാരുടെ മേലും നീതിരഹിതരുടെ മേലും ഒന്നുപോലെ മഴ പെയ്യിക്കുന്നവനാണ് (മത്താ 5:45). അതിനാൽ, കുറ്റവാളികൾ പോലും അവരുടെ അസ്തിത്വത്തിന്റെ കേന്ദ്രത്തിൽ നിർവചിക്കപ്പെടേണ്ടത് അവരുടെ കുറ്റകൃത്യങ്ങളാലല്ല, മറിച്ച് മനുഷ്യമഹത്ത്വത്താലാണ്. മറ്റു മനുഷ്യരോടൊപ്പം മഹത്ത്വത്തോടെ അവർ ആദരിക്കപ്പെടണം. പാപത്തെ വെറുക്കുമ്പോഴും പാപിയെ സ്നേഹിക്കാൻ നാം കടപ്പെടുന്നത് അതുകൊണ്ടാണ്.

യേശുസാഹോദര്യകൂട്ടായ്മയുടെ പ്രസക്തി ഇന്ന് എന്നത്തേക്കാൾ വലുതാണ്. ജീസസ്സ് ഫ്രട്ടേണിറ്റി, തടവറകളിൽ ശുശ്രൂഷ ചെയ്യുന്ന ഒരു കൂട്ടായ്മയാണ്. കഴിഞ്ഞ 30 വർഷങ്ങളായി കേരളത്തിലെ ജയിലുകൾ സന്ദർശിക്കുകയും തടവറയിലെ സഹോദരങ്ങൾക്ക് ഭാവാത്മകമായ ചിന്തകളിലൂടെയും ക്ലാസുകളിലൂടെയും കൗൺസലിങ്ങുകളിലൂടെയും ശരിയായ ജീവിതദർശനം പകർന്നു നൽകി നല്ല ചിന്തകളാൽ അവരുടെ മനസ്സിനെ നിറയ്ക്കുന്നതിൽ ഈ കൂട്ടായ്മ അങ്ങേയറ്റം ശ്രദ്ധിക്കുന്നു. കേരള കത്തോലിക്കാ മെത്രാൻസമിതിയുടെ ജസ്റ്റീസ് പീസ് ആന്റ് ഡിവലപ്പ്മെന്റ് കമ്മീഷന്റെ കീഴിൽ ഒരു വിഭാഗമായി ജീസസ്സ് ഫ്രട്ടേണിറ്റി പ്രവർത്തിക്കുന്നു. ജയിലുകൾ മാത്രമല്ല, തടവറയിലെ സഹോദരരുടെ ഭവനങ്ങളും സന്ദർശിക്കുകയും കുടുംബങ്ങൾക്ക് ആശ്വാസമേകുകയും അവരുടെ മക്കളെ ജീസസ്സ് ഫ്രട്ടേണിറ്റിയുടെ പുനരധിവാസകേന്ദ്രങ്ങളിൽ താമസിപ്പിച്ച് പഠിപ്പിക്കുകയും വിവാഹപ്രായമെത്തിയവരെ വിവാഹം കഴിപ്പിച്ചയയ്ക്കാൻ സഹായിക്കുകയും, ക്രൂരകൃത്യങ്ങൾക്ക് ഇരയായവർക്കു വേണ്ടുന്ന സഹായങ്ങൾ ചെയ്യുകയും ചെയ്തുകൊണ്ട് ഈ കൂട്ടായ്മ കഴിഞ്ഞ 30 വർഷമായി പ്രവർത്തിക്കുന്നു.

പതിനൊന്ന് പുനരധിവാസകേന്ദ്രങ്ങൾ ജീസസ്സ് ഫ്രട്ടേണിറ്റി നടത്തുന്നു. മൂന്നെണ്ണം പുരുഷന്മാർക്കും രണ്ടെണ്ണം സ്ത്രീകൾക്കും ബാക്കി ആറ് എണ്ണം കുട്ടികൾക്കും വേണ്ടിയുമാണ് നിജപ്പെടുത്തിയിരിക്കുന്നത്. തടവറയിൽനിന്നിറങ്ങുന്നവരെ പുനരധിവസിപ്പിക്കാനുള്ള കേന്ദ്രങ്ങൾ ഇന്ത്യയിൽ യേശുസാഹോദര്യകൂട്ടായ്മയ്ക്ക് മാത്രമാണുള്ളത്. അനേകം തടവറക്കാരെ പുനരധിവസിപ്പിക്കാനും സാധാരണ



ജീവിതത്തിലേക്ക് കൊണ്ടുവരാനും യേശുസാഹോദര്യ കൂട്ടായ്മയ്ക്ക് സാധിച്ചിട്ടുണ്ട്. തൃശൂർ വെട്ടുക്കാട്ടിൽ പുരുഷന്മാർക്കുള്ള കേന്ദ്രവും തിരുവനന്തപുരം മൺവിളയിൽ സ്ത്രീകൾക്കുള്ള കേന്ദ്രവും യേശുസാഹോദര്യത്തിന്റെ നേരിട്ടുള്ള സംരക്ഷണയിലും നിയന്ത്രണത്തിലുമാണ്. 1990-ൽ ആരംഭിച്ച ഈ പുനരധിവാസ കേന്ദ്രങ്ങളിൽ നിന്ന് നൂറിലധികം പെൺകുട്ടികളെ നാളിതുവരെ വിവാഹം കഴിപ്പിച്ചയച്ചിട്ടുണ്ട്. 500-ൽ പരം കുടുംബങ്ങൾ പുനരധിവസിപ്പിക്കപ്പെട്ടു. അവരുടെ കൂട്ടായ്മകൾ വിളിച്ചു ചേർക്കുകയും അവരുടെ മക്കൾക്കായി എല്ലാവർഷവും ക്യാമ്പുകൾ സംഘടിപ്പിച്ച് പഠനോപകരണങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. കേരളത്തിലെ തടവറകളിൽ ജീസസ്സ് ഫ്രട്ടേണിറ്റി നടത്തുന്ന പ്രവർത്തനങ്ങൾക്ക് അംഗീകാരമെന്നോണം ജയിൽ വകുപ്പ് എല്ലാ ജയിലുകളും സന്ദർശിക്കാൻ ഈ കൂട്ടായ്മയ്ക്ക് മാത്രം ഒരു പൊതു അംഗീകാരം നല്കിയിട്ടുണ്ട്.

കേരളത്തിലെ 31- രൂപതകളിലും ഡയറക്ടർ അച്ചന്മാരുടെ നേതൃത്വത്തിൽ എട്ട് സോണുകളിലെ 46- ഓളം യൂണിറ്റുകളിലായി 1000-ത്തിൽ പരം വോളണ്ടിയർമാർ പ്രത്യക്ഷമായും പരോക്ഷമായും ഈ ശുശ്രൂഷയിൽ പങ്കുചേരുന്നു. കേരളത്തിലെ എല്ലാ രൂപതകളിലും മേജർ സെമിനാരികളിലും ജീസസ് ഫ്രട്ടേണിറ്റി യൂണിറ്റുകൾ ഭംഗിയായി പ്രവർത്തിക്കുന്നുണ്ട്. സെമിനാരിക്കാർ ഈ രംഗത്ത് ചെയ്യുന്ന ശുശ്രൂഷ സ്തുത്യർഹമാണ്. അനേകം അല്മായരും സിസ്റ്റേഴ്സും ഈ പ്രവർത്തനത്തിൽ പങ്കുചേരുന്നു. അവർക്കെല്ലാം ഹൃദയപൂർവകമായ അനുമോദനങ്ങളും നന്ദിയും അർപ്പിക്കട്ടെ. കൂടുതൽ ആളുകൾ ഈ രംഗത്തേക്ക് കടന്നുവരണമെന്ന് അഭ്യർത്ഥിക്കു ന്നു. തടവറ പ്രേഷിത ദിനത്തിൽ ഇടവകയിൽ ശേഖരിക്കുന്ന പിരിവുകൊണ്ടാണ് ജീസസ് ഫ്രട്ടേണിറ്റിയുടെ ബഹുമുഖ പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകുന്നത്. ഈ വർഷവും ആ പിരിവ് നടത്തി പിഒസിയിൽ പ്രവർത്തിക്കുന്ന ജീസസ് ഫ്രട്ടേണിറ്റി ഓഫീസിലേക്ക് അയച്ചുകൊടുക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു. എല്ലാവരുടെയും ഔദാര്യപൂർണമായ സഹകരണം ഇക്കാര്യത്തിൽ ഉണ്ടാകുമല്ലോ.

ജീസസ് ഫ്രട്ടേണിറ്റിക്ക് എല്ലാവിധ നന്മകളും നേരുന്നതോടൊപ്പം ആഗതമാകുന്ന ഭാരതസ്വാതന്ത്ര്യദിനം നമ്മെ യഥാർത്ഥ സ്വാതന്ത്ര്യത്തിലേക്കും നന്മയിലേക്കും നയിക്കട്ടെ എന്നു പ്രാർത്ഥിക്കുകയും ചെയ്യുന്നു. ദൈവാനുഗ്രഹം നേർന്നുകൊണ്ട്,

ജീസസ്സ് ഫ്രട്ടേണിറ്റിക്കുവേണ്ടി,

ആർച്ചുബിഷപ്പ് തോമസ് മാർ കൂറിലോസ്
ചെയർമാൻ, കെസിബിസി ജസ്റ്റീസ്, പീസ് ആൻഡ്
ഡെവലപ്പ്മെന്റ് കമ്മീഷൻ
ആർച്ചുബിഷപ് ജോസഫ് കളത്തിപ്പറമ്പിൽ
വൈസ് ചെയർമാൻ
ബിഷപ്പ് മാർ ജോസ് പൊരുന്നേടം
വൈസ് ചെയർമാൻ

N:B: 2017 ആഗസ്റ്റ് 13-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും ദിവ്യബലി മധ്യേ വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

Ref: 3039/K-5/KCBC/OL/DS 22.7.2017

# ജസ്റ്റീസ് സൺഡേ (നീതി ഞായർ) 2017

## ആഗസ്റ്റ് 20, ഞായർ

### കെസിബിസി SC/ST/BC കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

ഈശോമിശിഹായിൽ ഏറ്റവും പ്രിയപ്പെട്ട സഹോദരീ സഹോദരന്മാരെ,

ഓഗസ്റ്റ് 15-ാം തീയതിക്ക് ശേഷമുള്ള ഞായറാഴ്ച നാം ജസ്റ്റീസ്സൺഡേ ആയി ആചരിച്ചു വരുകയാണല്ലോ. 1986-ൽ ഗോവയിൽ വച്ച് നടന്ന സി.ബി.സി.ഐ. യോഗമാണ് ഈ തീരുമാനം എടുത്തത്. ഭാരതത്തിന് സ്വാതന്ത്ര്യം ലഭിച്ചതിന്റെ സന്തോഷം നാം പങ്കുവയ്ക്കുമ്പോഴും ഭാരതത്തിലെ ദലിത്സമൂഹത്തിന് പ്രത്യേകിച്ച് ക്രൈസ്തവ വിശ്വാസം സ്വീകരിച്ച വലിയ ഒരു സമൂഹത്തിന് സാമൂഹികനീതി ലഭിക്കാത്ത സാഹചര്യം നമ്മെ ഏറെ വേദനിപ്പിക്കുന്നു. ഭാരതത്തിലെ രണ്ടുകോടിയോളം വരുന്ന ക്രൈസ്തവരിൽ 125 ലക്ഷം പേരും ദലിത് സഹോദരങ്ങളാണ്. ഇതര മതസ്ഥരായ ദലിത് സഹോദരങ്ങൾക്ക് ലഭിക്കുന്ന ഭരണഘടനാപരമായ അവകാശങ്ങൾ ദലിത് ക്രൈസ്തവർക്ക് നിഷേധിച്ചിരിക്കുന്നുവെന്നത് മതവിവേചനം തന്നെയാണ്. ഈ നീതിനിഷേധത്തിനെതിരെ കഴിഞ്ഞ അരനൂറ്റാണ്ടിൽ അധികമായി ഭാരതസഭ നിരന്തരം ശബ്ദമുയർത്തിയിരുന്നുവെങ്കിലും നീതി നടപ്പാക്കിയിട്ടില്ല. ചുമതലപ്പെട്ടവർ ഇതു ബോധപൂർവം അവഗണിക്കുകയാണ് ചെയ്തത്. എങ്കിലും ഭാരതക്രൈസ്തവ സമൂഹം തുടർന്നും ഈ നീതിനിഷേധത്തിനെതിരെ വ്യവസ്ഥാപിതമായ എല്ലാ മാർഗ്ഗങ്ങളിലൂടെയും പോരാട്ടം തുടരും. കോടതികളിലൂടെ നിയമവഴിയ്ക്ക് നീതി ലഭിക്കാനുള്ള മാർഗ്ഗങ്ങളും നാം തുടർന്നും മുന്നോട്ടു കൊണ്ടുപോകും. ഈ നീതിനിഷേധം സമൂഹത്തിന്റെ മുമ്പിൽ വെളിപ്പെടുത്താനുള്ള എല്ലാ ശ്രമങ്ങളും നാം കൂട്ടായി നടത്തണം. ഈ ലക്ഷ്യങ്ങളുമായിട്ടാണ് ജസ്റ്റീസ് സൺഡേ (നീതിഞായർ) നാം ആചരിക്കുന്നത്.



ഇത്തവണത്തെ നീതിഞായർ ആചരണത്തിന് ഒരു പ്രത്യേക പശ്ചാത്തലം കൂടിയുണ്ട്. ഭാരതകത്തോലിക്കാ മെത്രാൻസമിതി ഭാരതത്തിലെ ദലിത് സഹോദരങ്ങളുടെ സമുദ്ധാരണത്തിനായി ഒരു ദലിത് ശാക്തീകരണ നയം പ്രഖ്യാപിക്കുകയുണ്ടായി. ഭാരതസഭയുടെ ചരിത്രത്തിലാദ്യമായിട്ടാണ് ഇപ്രകാരം ഒരു ദലിത് നയരൂപീകരണം സഭാതലത്തിൽ ഉണ്ടായത്. ഭാരതസഭയുടെ മുഴുവൻ പിന്തുണയും സഹകരണവും ദലിത് സഹോദരങ്ങളോടൊപ്പമുണ്ടെന്ന് ഇതുവഴി സഭാനേതൃത്വം പ്രഖ്യാപിച്ചിരിക്കുകയാണ്.

സഭയുടെ എല്ലാ തലങ്ങളിലും ദലിത് ശാക്തീകരണ സംവിധാനങ്ങൾ ഉണ്ടാകുവാൻ എല്ലാവരും കൂട്ടായി യത്നിക്കുക വളരെ അത്യാവശ്യമാണ്. സാമൂഹ്യമായും സാമ്പത്തികമായും കടുത്ത വെല്ലുവിളികൾ നേരിടുന്ന നമ്മുടെ ദലിത് സഹോദരങ്ങളുടെ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റിക്കൊടുക്കുക ഇതിൽ ഏറ്റവും പ്രധാനമാണ്. ഇതുമായി ബന്ധപ്പെട്ടാണ് കേരളകത്തോലിക്കാ മെത്രാൻ സമിതി ഭവന നിർമ്മാണ പദ്ധതി ആവിഷ്ക്കരിച്ചിരിക്കുന്നത്. നമ്മുടെ ദലിത് കുടുംബങ്ങളിൽ ആരും വീടില്ലാത്തവരായി ഉണ്ടായിരിക്കരുത് എന്ന ലക്ഷ്യത്തിൽ എല്ലാവർക്കും വാസയോഗ്യമായ ഒരു ഭവനത്തിനായുള്ള കൂട്ടായ പ്രയത്നത്തിൽ നമുക്കു കൈകോർക്കാം. എല്ലാ രൂപതകളും, ഇടവകകളും, സന്യാസ സഭകളും, സംഘടനകളും, സംരംഭങ്ങളും കൂട്ടായി പരിശ്രമിച്ചാൽ ഈ ലക്ഷ്യം സാധിക്കുവാൻ കഴിയും. ഇതുമായി ബന്ധപ്പെട്ട് കെസിബിസി എസ്.സി./എസ്.റ്റി/ബി.സി. കമ്മീഷന് സി.എം.ഐ. സന്യാസ

സമൂഹവും, വിൻസന്റ് ഡി പോൾ സൊസൈറ്റിയും, ഫ്രാൻസിസ്കൻ അല്മായ സമൂഹവും ഉദാരമായ സഹകരണം വാഗ്ദാനം ചെയ്തിരിക്കുന്നത് സന്തോഷത്തോടും നന്ദിയോടും കൂടി ഓർക്കുന്നു. കേരളത്തിൽ ദലിത് കത്തോലിക്കർക്കായി 300 ഭവനങ്ങൾ 2017 - 2018 കാലഘട്ടത്തിൽ നിർമ്മിക്കുവാൻ സഹായിക്കുന്ന പദ്ധതിയാണ് വിഭാവനം ചെയ്യുന്നത്. അഭിവന്ദ്യ പിതാക്കന്മാരും ഈ പദ്ധതികൾക്ക് ആവശ്യമായ എല്ലാ സഹകരണങ്ങളും ഉറപ്പാക്കി തരുന്നതും പ്രത്യേകം സ്മരിക്കട്ടെ. ഇതിനോടൊപ്പം സമർത്ഥരായ ദലിത് വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനും നാം പരിശ്രമിച്ചു കൊണ്ടിരിക്കുന്നു. ദലിത് ശാക്തീകരണ സംരംഭങ്ങൾക്കായി വലിയ സാമ്പത്തിക ഉത്തരവാദിത്വങ്ങളാണ് നാം ഏറ്റെടുത്തിരിക്കുന്നത്. ഈ സാഹചര്യത്തിൽ ജസ്റ്റീസ് സൺഡേ ആചരണത്തിന്റെ ഭാഗമായി സാധാരണപോലെ ദലിത് ആവശ്യങ്ങൾക്കായി ഒരു സംഭാവന ശേഖരണം നടത്തുകയാണ്. സഭയിലെ ഓരോ അംഗവും ഉദാരമായി ഈ സംഭാവന സമാഹരണത്തിൽ സഹായിച്ച് ദലിത് സഹോദരങ്ങളോടുള്ള സ്നേഹവും സഹകരണവും പ്രതിബദ്ധതയും ഉറപ്പാക്കാം. നീതിഞായർ ആചരണംവഴി നമ്മുടെ കർത്താവായ ഈശോമിശിഹായുടെ പ്രബോധനങ്ങളായ 'നിന്നെപ്പോലെ നിന്റെ അയൽക്കാരനെ സ്നേഹിക്കുക', 'ഈ ചെറിയവരിൽ ഒരുവന് നിങ്ങൾ ചെയ്തപ്പോൾ എനിക്കു തന്നെയാണ് ചെയ്തത്' എന്നീ വചനങ്ങൾ നമുക്ക് പ്രചോദനം ആകട്ടെ. ദലിത് ശാക്തീകരണ സംരംഭങ്ങളുടെ വിജയത്തിനായി ഏവരും പ്രാർത്ഥിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഈശോയിൽ സ്നേഹപൂർവ്വം,

**ബിഷപ് മാർ ജേക്കബ് മുരിക്കൻ**
ചെയർമാൻ, കെസിബിസി SC/ST/BC കമ്മീഷൻ

**ബിഷപ് ഫിലിപ്പോസ് മാർ സ്റ്റെഫാനോസ്**
വൈസ് ചെയർമാൻ

**ബിഷപ് സെൽവിസ്റ്റർ പൊന്നുമുത്തൻ**
വൈസ് ചെയർമാൻ

N.B: 2017 ആഗസ്റ്റ് 20-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും ദിവ്യബലി മധ്യേ വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.



# രൂപതക്കച്ചേരി

## C. *85/2107* അജപാലന സന്ദർശനം

മുണ്ടൻമുടി - ആഗസ്റ്റ് 13

*Bishop*

## *C. 86/2107* ജസ്റ്റീസ് സൺഡേ - ആഗസ്റ്റ് 20

ഭാരതകത്തോലിക്ക മെത്രാൻ സമിതിയുടെ ആഹ്വാനപ്രകാരം 2017 ആഗസ്റ്റ് 20-ാം തീയതി ജസ്റ്റീസ് സൺഡേയായി ആചരിക്കുന്നു. നമ്മുടെ രൂപതയിലെ എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും ദലിത് ക്രൈസ്തവരോടുള്ള ആഭിമുഖ്യം പ്രകടമാക്കുന്ന പരിപാടികളും സാമൂഹ്യനീതിയെക്കുറിച്ച് ജനങ്ങളെ പ്രബുദ്ധരാക്കാൻ ഉതകുന്ന പ്രബോധനങ്ങളും ചർച്ചാക്ലാസ്സുകളും നടത്താൻ ശ്രദ്ധിക്കുമല്ലോ. ആ ദിവസമോ അതു കഴിഞ്ഞു വരുന്ന ഞായറാഴ്ചയോ ഈ നിയോഗപ്രകാരം പ്രത്യേക പിരിവ് നടത്തി കിട്ടുന്ന തുക രൂപതാ സാമ്പത്തിക കാര്യാലയത്തിൽ ഏല്പിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. ദലിത് ക്രൈസ്തവരുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി KCBC കമ്മീഷന് നൽകുവാനുള്ള തുകയാണത്.

*Protosyncellus*

## *Pr.C. 5/2107* Report of the Presbyteral Council meeting held on Monday, July 10, 2017

An ordinary meeting of the Presbyteral Council was held on Monday 10th July 2017 at Bishop's House. H.E. Bishop Mar George Madathikandathil presided over the meeting. 30 members participated. The meeting started with a prayer at 3.00 pm. V. Rev. Msgr. George Oliapuram welcomed the members' especially the new entrants; Msgr. Cherian Kanjirakombil and Fr. Jose Pulloppillil. The report of the previous meeting was presented by the Secretary and it was passed. After the introductory talk the president introduced the topics in the agenda.

The main topic in the agenda was Thirattu Fee calculation and its modalities for the parishes. Fr. Procurator explained the need for such a change. Since all the parishes have got PAN card and are so linked with the Income Tax department, our accounts should be auditable and fulproof. Many opted for fixing an amount as audit fee for each parish, taking into

consideration the previous thirattu fee payments and total income of the Parish. Different opinions came up. Then the pros and cons of the new system were discussed. Finally, a Committee was elected for further proceedings. The members of the committee are: Fr. John Mundackal, Fr. Jose Pulloppillil, Fr. Francis Alappattu, Fr. Mathew Konickal and Fr. Mathew Athickal. The committee shall make a proposal within one month and present it before the Presbyteral council.

The next topic was the Fatima Message procession on 12th, 13th and 14th of September 2017 in Kothamangalam Diocese. The council agreed that proper and suitable reception must be given to the procession and it should be made an occasion for spiritual renewal. A prayer card may be distributed in parishes after sending a circular. A tentative programme covering almost all the area of the Diocese for the procession also was discussed. Finally, the meeting came to an end by 5 pm after a vote of thanks by Msgr. Cherian Kanjirakompil.

*Secretary*

## മൈനർ സെമിനാരി

### *MS. 25 /2017* ദുക്റാന തിരുനാൾ

ഈ വർഷത്തെ ദുക്റാന തിരുനാൾ മൈനർ സെമിനാരിയിൽ സമുചിതമായി ആഘോഷിച്ചു. വൈകുന്നേരം 6.00 മണിക്ക് നടന്ന സമ്മേളനത്തിൽ ബഹു. തോമസ് ജെ. പറയിടം അച്ചൻ അദ്ധ്യക്ഷത വഹിച്ചു. ബ്ര. ജോസ് കുന്നപ്പിള്ളിൽ, ബ്ര. ജോർജ് കൊന്നയ്ക്കൽ എന്നിവർ പ്രസംഗിച്ചു. ബ്ര. ജോസഫ് കുന്നുംപുറത്ത് ലളിതഗാനം ആലപിച്ചു. സമ്മേളനാനന്തരം വി. തോമ്മാശ്ലീഹായുടെ ജീവിതത്തെ ആസ്പദമാക്കി 'സംശയിക്കാത്ത തോമ്മ' എന്ന നാടകം അവതരിപ്പിച്ചു.

### *MS 26 /2017* സെമിനാരിക്ക് സാമ്പത്തിക സഹായം നൽകിയവർ

| | | | |
|---|---|---|---|
| 1 | Devasiachan Plathottam Thodupuzha | ₹ | 5000 |
| 2 | Biju Kureethadan Malippara | ₹ | 2000 |
| 3 | Dr. Benny Augustine Thodupuzha | ₹ | 1000 |
| 4 | Mar Sleeva Church Vannapuram | ₹ | 25000 |
| 5 | St. Joseph's Church Meenkunnam | ₹ | 25000 |
| 6 | Lawrence Manithara Mudavoor | ₹ | 1000 |
| 7 | St. Sebastian's Church Udumbannoor | ₹ | 9000 |
| 8 | CML Udumbannoor | ₹ | 1000 |
| 9 | Merlin Vakkachan Illipparambil Thrikariyoor | ₹ | 2000 |
| 10 | Paulson George Pallathu Muthalakodam | ₹ | 50000 |
| 11 | Dr. Christina Cecilia Mathew in memory of her brother-priests of Thudianplackal Family | ₹ | 600000 |
| 12 | St. George's Cathedral Kothamangalam | ₹ | 50000 |
| 13 | George Peter Parankimalil Nellimattam | ₹ | 5000 |
| 14 | John Tharian Elengickal Inchoor | ₹ | 5000 |
| 15 | Tresa Antony and Family, Thottathimyalil Neyyaserry | ₹ | 10000 |
| 16 | Reethama James Nedumattathil, Cathedral | ₹ | 2000 |



*Rector*

## വിജ്ഞാനഭവൻ

### *V. 81 /2017* നവാഗതരായ അദ്ധ്യാപകർക്ക് നന്ദി

നവാഗതരായ അദ്ധ്യാപകർക്കുള്ള ട്രെയിനിംഗ് പ്രോഗ്രാം ജൂലൈ 15, 16 തീയതികളിൽ മൂവാറ്റുപുഴ നെസ്റ്റിൽ നടന്നു. അഭിവന്ദ്യ പിതാവ് പ്രോഗ്രാം ഉദ്ഘാടനം ചെയ്തു. തുടർന്ന് ഫാ. ജിമ്മി പൂച്ചക്കാട്ട്, ഫാ. ജെയിംസ് തൊട്ടിയിൽ, ശ്രീ. ഷാജി മാലിപ്പാറ, റവ. സി. തെരേസ് മരിയ CMC, മിസ്സ് രാജം തമ്പി എന്നിവർ ക്ലാസ്സുകൾ നയിച്ചു. എൺപതോളം അദ്ധ്യാപകർ സെമിനാറിൽ പങ്കെടുത്തു. അവർക്കുള്ള സർട്ടിഫിക്കറ്റുകളും ബുക്കുകളും വിതരണം ചെയ്തു. സെമിനാറിന് വന്ന അദ്ധ്യാപകർക്കും അവരെ പറഞ്ഞയച്ച വികാരിയച്ചന്മാർക്കും ഹെഡ്മാസ്റ്റർമാർക്കും നന്ദി.

### *V. 82 /2017* വിജ്ഞാനഭവൻ വെബ്സൈറ്റ്

വിജ്ഞാനഭവൻ വെബ്സൈറ്റ് പുതുതായി പ്രവർത്തനം ആരംഭിച്ചത് എല്ലാവരും ശ്രദ്ധിച്ചു കാണുമല്ലോ. അതിലെ എല്ലാ Function -നുകളും പൂർണ്ണരൂപത്തിലേക്കായി വരുന്നതേയുള്ളൂ. താമസംവിനാ വിജ്ഞാനഭവനുമായി ബന്ധപ്പെട്ട രജിസ്ട്രേഷൻ, ആപ്ലിക്കേഷൻസ്, റെക്കോർഡ്സ് എല്ലാം വെബ്സൈറ്റിലൂടെ ചെയ്യാൻ സാധിക്കും. ഓരോ ഇടവകയിൽ നിന്നും നേരിട്ട് സൈറ്റിൽ ലോഗ് ഇൻ ചെയ്യാനും വിവരങ്ങൾ Enter ചെയ്യാനും സാധിക്കും. ഓരോ ഇടവകകളുടെയും Username ഇതോടൊപ്പം നൽകുന്നു. Password 'password' എന്നു തന്നെയാണ്. അതാതു ഇടവകകളിൽ Log in ചെയ്തശേഷം പുതിയ Password ഉണ്ടാക്കേണ്ടതാണ്.

വെബ്സൈറ്റിന്റെ പ്രവർത്തനങ്ങൾ കൂടുതൽ മനസ്സിലാക്കുന്നതിനും സുഗമമായി നടത്തുന്നതിനും സഹായകമാകുന്നതിനുവേണ്ടി ഒരു demonstration and training നെസ്റ്റിൽ വച്ച് ആഗസ്റ്റ് 6-ാം തീയതി ഞായറാഴ്ച ഉച്ചവരെ നടത്തുന്നു. എല്ലാ ഇടവകയിൽ നിന്നും ഒരാൾ വീതം നിർബന്ധമായും പങ്കെടുക്കാൻ ശ്രദ്ധിക്കുമല്ലോ.

| Id | Place | Sunday School Name | Username | Password |
|---|---|---|---|---|
| 1 | Alakode | St.Thomas More Sunday School | CATTDP01 | password |
| 2 | Ambikapuram | St.Mary's Sunday School | CATONK01 | password |
| 3 | Anicadu | St.Sebastian's Sunday School | CATMPZ01 | password |
| 4 | Anjiri | St.Martin De Porus Sunday School | CATTDP02 | password |
| 5 | Arakuzha | St Marys Forane Sunday School | CATARK01 | password |
| 6 | Arikuzha | St.Sebastian's Sunday School | CATARK02 | password |
| 7 | Ayavana | Secred Heart Sunday School | CATVKM01 | password |
| 8 | Bethlehem | Holy Family Sunday School | CATVKM02 | password |
| 9 | Chalassery | St.Pius X Sunday School | CATMKD01 | password |
| 10 | Cheenikuzhy | BVM Annu Sunday School | CATKMR01 | password |
| 11 | Cheppukulam | St.Thomas's Sunday School | CATKMR02 | password |
| 12 | hilavu | Christ The King Sunday School | CATKMR03 | password |
| 13 | Chittoor | St.George's Sunday School | CATTDP03 | password |
| 14 | Enanalloor | St.Sebastian's Sunday School | CATVKM03 | password |
| 15 | Ezhalloor | St.Sebastian's Sunday School | CATMLB01 | password |
| 16 | Inchathotty | St.Mary's Sunday School | CATONK02 | password |
| 17 | Inchoor | St.Antony's Sunday School | CATKLM02 | password |
| 18 | Kadalikad | Vimala Matha Sunday School | CATVKM04 | password |
| 19 | Kadavoor | St.George's Sunday School | CATPGR01 | password |
| 20 | Kaithappara | St.Mary's Sunday School | CATKMR04 | password |
| 21 | Kalayanthani | St.Mary's Sunday School | CATTDP04 | password |
| 22 | Kaliyar | St.Ritha's Sunday School | CATKYR01 | password |
| 23 | Kallanickal | St.George's Sunday School | CATTDP05 | password |
| 24 | Kallelimedu | St.Jude's Sunday School | CATKLM22 | password |
| 25 | Kallorkad | St.Augustine's Sunday School | CATVKM05 | password |
| 26 | Kaloor | St.John the Baptist's Sunday School | CATMLB02 | password |
| 27 | Karakunnam | St.Mary's Sunday School | CATMPZ02 | password |
| 28 | Karimannoor | St.Mary's Sunday School | CATKMR05 | password |
| 29 | Kavakad | St.Mary's Sunday School | CATVKM06 | password |
| 30 | Keerampara | St.Sebastian's Sunday School | CATKLM03 | password |
| 31 | Kodikulam | St.Ann Sunday School | CATMKD02 | password |
| 32 | Koduvely | Litttle Flower Sunday School | CATKYR02 | password |
| 33 | Kolady | St.Thomas's Sunday School | CATMAR01 | password |
| 34 | Kothamangalam | St.George Cathedral | CATKLM01 | password |
| 35 | Kottappady | St.Sebastian's Sunday School | CATKLM04 | password |
| 36 | Kulappara | St.F.Xavier's Sunday School | CATKMR12 | password |



| | | | | |
|---|---|---|---|---|
| 37 | Kulapuram | St.Mary's Sunday School | CATPGR02 | password |
| 38 | Kuninji | St.Antony's Sunday School | CATMAR02 | password |
| 39 | Kuruppumpady | St.Peter's & St.Paul's Sunday School | CATKLM05 | password |
| 40 | Kuthumkal | St.George's Sunday School | CATKLM06 | password |
| 41 | Kuttampuzha | Mother Of Mercy | CATKLM07 | password |
| 42 | Mailacombu | St.Thomas's Sunday School | CATMLB03 | password |
| 43 | Malayinchy | St.Thomas's Sunday School | CATKMR06 | password |
| 44 | Malippara | St.Mary's Sunday School | CATKLM08 | password |
| 45 | Mamalakandam | St.George's Sunday School | CATONK03 | password |
| 46 | Manikandamchal | St.Mary's Sunday School | CATKLM23 | password |
| 47 | Mannukadu | St.Mary's Sunday School | CATKYR08 | password |
| 48 | Marady | St.George's Sunday School | CATMPZ03 | password |
| 49 | Marika | St.Joseph's Sunday School | CATMAR03 | password |
| 50 | Mathirappilly | St.Sebastian's Sunday School | CATKLM09 | password |
| 51 | Meenkunnam | St.Joseph's Sunday School | CATARK03 | password |
| 52 | Mekkadampu | St.Jude's Sunday School | CATMPZ04 | password |
| 53 | Methotty | St.Paul's Sunday School | CATTDP13 | password |
| 54 | Mudavoor | St.Joseph's Sunday School | CATMPZ05 | password |
| 55 | Mulappuram | St.Jude's Sunday School | CATKMR07 | password |
| 56 | Mullaringad | St.Mary's Sunday School | CATPGR03 | password |
| 57 | Mundanmudy | BVM Lourde's Sunday School | CATKYR03 | password |
| 58 | Muthalakodam | St.George's Sunday School | CATMKD03 | password |
| 59 | Muttathupara | St.Mary's Sunday School | CATKLM10 | password |
| 60 | Muvattupuzha | Holy Magi Forane Sunday School | CATMPZ06 | password |
| 61 | Muvattupuzha East | Nirmala Matha Sunday School | CATMPZ07 | password |
| 62 | Nadukani | St.Thomas's Sunday School | CATKLM11 | password |
| 63 | Nadukara | St.Mathew's Sunday School | CATVKM07 | password |
| 64 | Nakapuzha | St.Mary's Sunday School | CATMLB04 | password |
| 65 | Nazarethhill | Infant Jesus Sunday School | CATTDP14 | password |
| 66 | Nazarethvalley | Infant Jesus Sunday School | CATONK11 | password |
| 67 | Nediakad | Litttle Flower Sunday School | CATTDP06 | password |
| 68 | Nediyasala | St.Mary's Sunday School | CATMAR04 | password |
| 69 | Nedungapra | St.Antony's Sunday School | CATKLM12 | password |
| 70 | Neendapara | St.Mary's Sunday School | CATONK04 | password |
| 71 | Nellikuzhy | St.Joseph's Sunday School | CATKLM13 | password |
| 72 | Nellimattam | St.Joseph's Sunday School | CATKLM14 | password |
| 73 | Neriamangalam | St.Joseph's Sunday School | CATONK05 | password |
| 74 | Neyyassery | St.Sebastian's Sunday School | CATKMR08 | password |
| 75 | Njarakad | St.Joseph's Sunday School | CATKYR04 | password |
| 76 | Njayappilly | St.Antony's Sunday School | CATKLM15 | password |
| 77 | Oonnukal | Litttle Flower Sunday School | CATONK06 | password |
| 78 | Ottalloor | St.Mary's Sunday School | CATTDP15 | password |
| 79 | Paingottoor | St.Antony's Sunday School | CATPGR04 | password |
| 80 | Pallickamury | St.Therese Sunday School | CATKMR09 | password |

| | | | | |
|---|---|---|---|---|
| 81 | Pannimattam | St.Sebastian's Sunday School | CATTDP07 | password |
| 82 | Parapuzha | St.Joseph's Sunday School | CATMKD04 | password |
| 83 | Pareekanny | St.Mary's Sunday School | CATONK07 | password |
| 84 | Pazhampillichal | St.Mary's Sunday School | CATONK08 | password |
| 85 | Peringassery | St.George's Sunday School | CATKMR10 | password |
| 86 | Peringuzha | St.Joseph's Sunday School | CATARK04 | password |
| 87 | Perumannoor | St.George's Sunday School | CATONK09 | password |
| 88 | Perumballoor | St.Pius X Sunday School | CATARK05 | password |
| 89 | Perumpallichira | St.Joseph's Sunday School | CATMLB05 | password |
| 90 | Ponnamthanam | St.Peter's & St.Paul's Sunday School | CATTDP08 | password |
| 91 | Pooyamkutty | St.George's Sunday School | CATKLM16 | password |
| 92 | Pothanikad | St.F.Xavier's Sunday School | CATPGR05 | password |
| 93 | Pulianpara | St.Sebastian's Sunday School | CATONK10 | password |
| 94 | Pulikathotty | St.Alphonsa Sunday School | CATPGR08 | password |
| 95 | Punnamattam | St.Sebastian's Sunday School | CATPGR06 | password |
| 96 | Purapuzha | St.Sebastian's Sunday School | CATMAR05 | password |
| 97 | Rajagiri | Christ The King Sunday School | CATPGR07 | password |
| 98 | Randar | St.Michael Sunday School | CATMPZ08 | password |
| 99 | Thalayanad | St.Mary's Sunday School | CATTDP09 | password |
| 100 | Thattakkuzha | St.Sebastian's Sunday School | CATKMR13 | password |
| 101 | Thazhuvamkunnu | St.George's Sunday School | CATMLB06 | password |
| 102 | Thennathoor | BVM Fathima's Sunday School | CATKYR05 | password |
| 103 | Thodupuzha | St.Sebastian's Sunday School | CATTDP10 | password |
| 104 | Thodupuzha East | Vijnana Matha Sunday School | CATTDP11 | password |
| 105 | Thommankuth | St.Thomas's Sunday School | CATKYR06 | password |
| 106 | Thottakkara | St. George's & St. Sebastian's Sunday School | CATARK06 | password |
| 107 | Thrikariyoor | St.Thomas's Sunday School | CATKLM17 | password |
| 108 | Udumpannoor | St.Sebastian's Sunday School | CATKMR11 | password |
| 109 | Uppukunnu | St.Alphonsa Sunday School | CATKMR14 | password |
| 110 | Urulanthanny | St.Jude's Sunday School | CATKLM18 | password |
| 111 | Vadakode | St.Sebastian's Sunday School | CATVKM08 | password |
| 112 | Vadattupara | St.Mary's Sunday School | CATKLM19 | password |
| 113 | Vandamattom | St.George's Sunday School | CATMKD05 | password |
| 114 | Vannapuram | Mar Sleeva Sunday School | CATKYR07 | password |
| 115 | Vazhakala | St.Mary's Sunday School | CATMKD06 | password |
| 116 | Vazhakulam | St.George's Sunday School | CATVKM09 | password |
| 117 | Vazhappilly East | St.Maximillian Kolbe Sunday School | CATMPZ09 | password |
| 118 | Velielchal | St.Joseph's Sunday School | CATKLM20 | password |
| 119 | Vettampara | St.Sebastian's Sunday School | CATKLM21 | password |
| 120 | Vettimattam | St.Francis Sales Sunday School | CATTDP12 | password |

### *V. 83/2017* **സർവ്വീസ് ബുക്ക്**

പുതിയതായി വന്ന അദ്ധ്യാപകരുടെ ബയോഡേറ്റ പൂരിപ്പിച്ച് അതോടൊപ്പം സർവ്വീസ് ബുക്കും വിജ്ഞാനഭവനിൽ തരേണ്ടതാണ്.



നിലവിൽ സർവീസ് ബുക്ക് ഇല്ലാത്ത അദ്ധ്യാപകർ സർവീസ് ബുക്ക് പൂരിപ്പിച്ച് തരണം.

### *V. 84/2017* **പാഠ്യപദ്ധതി തിരുത്ത്**

8-ാം ക്ലാസ്സിൽ ആദ്യ സെമസ്റ്ററിൽ (പേജ് 48) അൽഫോൻസാമ്മയെക്കുറിച്ചാണ് പഠിക്കേണ്ടത്. വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ പേരും വന്നിട്ടുണ്ട്. ലേഖനമത്സരത്തിൽ (പേജ് 23) യാക്കോബ് 2:16 എന്നാണ് കൊടുത്തിരിക്കുന്നത്. യാക്കോബ് 2: 17 എന്നാണ് ശരി.

*Director*

## കോർപ്പറേറ്റ് എഡ്യൂക്കേഷൻ ഏജൻസി

### *Edn. 29 /2017* **പ്രധാന അദ്ധ്യാപകരുടെ ശ്രദ്ധയ്ക്ക്**

പുതിയതായി സ്കൂളുകളിൽ നിയമനം ലഭിക്കുന്ന അദ്ധ്യാപകരും അനദ്ധ്യാപകരും നിയമന ഓർഡർ വാങ്ങാൻ കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഓഫീസിൽ വരുമ്പോൾ ഓഫീസിൽനിന്നും ആവശ്യപ്പെടുന്ന എല്ലാ രേഖകളും അവരുടെ കൈവശം കൊടുത്തയയ്ക്കുന്ന കാര്യം പ്രധാന അദ്ധ്യാപകർ പ്രത്യേകം ശ്രദ്ധിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. (eg. Joining report, Staff statement, ലീവ് വേക്കൻസി ആണെങ്കിൽ ലീവിന്റെ കോപ്പി). നിയമനങ്ങൾ പാസ്സാകുമ്പോൾ പാസ്സായ കോപ്പി സഹിതം ഓഫീസിൽ വന്ന് എഡ്യുക്കേഷൻ സെക്രട്ടറിയെ കണ്ട് വിവരം അറിയിക്കേണ്ടതാണ്.

### *Edn. 30 /2017* **മെയിന്റനൻസ് ഗ്രാന്റിനുള്ള അപേക്ഷ (2017-2018)**

മെയിന്റനൻസ് ഗ്രാന്റിനുള്ള അപേക്ഷകൾ പൂരിപ്പിച്ച് 3 കോപ്പികൾ ഓഗസ്റ്റ് 30-ന് മുമ്പ് രൂപത വിദ്യാഭ്യാസ ഓഫീസിൽ എത്തിക്കണം. അപേക്ഷാഫോറങ്ങൾ വെബ്സൈറ്റിൽ നിന്നും എടുക്കാവുന്നതാണ്. ഇനി Reminder അയയ്ക്കുന്നതല്ല.

### *Edn. 31 /2017* **Counselling**

എല്ലാ സ്കൂളുകളിലും കൗൺസലിംഗ് ആരംഭിക്കണം. ഇതിന്റെ ചുമതല ഒരു ടീച്ചറിനെ ഏല്പിക്കണം. റിക്കാർഡ് സൂക്ഷിക്കുകയും വേണം.

### *Edn. 32 /2017* **Catechism/ Moral Science**

Catechism/Moral Science ഒന്നാം ടേം പരീക്ഷ ഓണാവധിക്കു

ശേഷം വിദ്യാലയങ്ങൾ തുറക്കുന്നതിന്റെ പിറ്റേദിവസം താഴെ കൊടുത്തിരിക്കുന്ന ടൈംടേബിൾ അനുസരിച്ച് നടത്തേണ്ടതാണ്. Question Papers സ്കൂൾ തുറക്കുന്ന ദിവസം അതാതു സെന്ററുകളിൽ എത്തിക്കും.

Time Table

| | | | | | | |
|---|---|---|---|---|---|---|
| FN | Std I | Std III | Std V | Std VII | Std IX | HSE I |
| AN | Std II | Std IV | Std VI | Std VIII | Std X | HSE II |

*Edn. 33 /2016* **അദ്ധ്യാപക അനദ്ധ്യാപക സെമിനാർ**

കോതമംഗലം കോർപ്പറേറ്റിലെ എല്ലാ അദ്ധ്യാപകർക്കും അനദ്ധ്യാപകർക്കും വേണ്ടി ഏകദിന സെമിനാർ ഒരുക്കുന്നു. എല്ലാ അദ്ധ്യാപകരും അനദ്ധ്യാപകരും താഴെ നിർദ്ദേശിച്ചിരിക്കുന്ന സമയത്ത് പങ്കെടുക്കുവാൻ ശ്രദ്ധിക്കുമല്ലോ.

| | | |
|---|---|---|
| Venue | - | Viswajyothi Engineering Colloge Auditorium, Vazhakulam |
| Date | - | 19-08-2017 |
| Time | - | 10.00 am - 3.30 pm |
| Registration Fees | - | 150 |
| Teachers' Guild Fees | - | 50 |

(NB. സെമിനാറിൽ പങ്കെടുക്കുന്ന എല്ലാ അദ്ധ്യാപകരുടെയും അനദ്ധ്യാപകരുടെയും ലിസ്റ്റ് പ്രധാനാദ്ധ്യാപകർ രജിസ്ട്രേഷൻ കൗണ്ടറിൽ ഏല്പിക്കണം.)

*Secretary*

# സോഷ്യൽ സർവീസ്

*SS. 13 /2017* **ആശാകിരണം സന്നദ്ധസേന രൂപീകരണം**

ആശാകിരണം കാൻസർ സുരക്ഷാപദ്ധതിയുടെ രണ്ടാം ഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി 'ആശാകിരണം സന്നദ്ധസേന' ഇടവകകൾ തോറും രൂപീകരിക്കാൻ ഉദ്ദേശിക്കുന്നു. ഇടവക വികാരിയുടെ ആത്മീയനേതൃത്വത്തിൽ ഒരു സിസ്റ്ററും നാലോ അഞ്ചോ സ്ത്രീ-പുരുഷന്മാരും അടങ്ങുന്ന ടീമാണ് രൂപീകരിക്കുന്നത്. ഇടവകയിലുള്ള കാൻസർ രോഗികളെയും കിടപ്പുരോഗികളെയും ഭവനങ്ങളിലും സ്ഥാപനങ്ങളിലും പോയി സന്ദർശിക്കുകയും അവർക്ക് ആശ്വാസം പകരുകയും ചെയ്യുകയാണ് ടീമിന്റെ പ്രവർത്തനം കൊണ്ട് ലക്ഷ്യമിടുന്നത്. ഇത്തരത്തിൽ മറ്റുള്ളവർക്കായി ചെലവഴിക്കാൻ സമയവും സൗകര്യവുമുള്ളവരെയാണ് ടീമിൽ ഉൾപ്പെടുത്തുക. വിശദവിവരങ്ങളടങ്ങിയ കത്ത് ഇടവകയിലേക്ക് അയയ്ക്കുന്നതാണ്.



*SS. 14 /2017* **ആശാകിരണം സംഗമം നടത്തി**

ആശാകിരണം കാൻസർ സുരക്ഷ പദ്ധതിയുടെ ഭാഗമായി കാൻസർ രോഗികളുടെ ഒരു സംഗമം മൂവാറ്റുപുഴ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ നടത്തി. ബിഷപ് മാർ ജോർജ് മഠത്തിക്കണ്ടത്തിൽ ഉദ്ഘാടനം ചെയ്തു. വികാരി ജനറൽ മോൺ. ചെറിയാൻ കാഞ്ഞിരക്കൊമ്പിൽ അദ്ധ്യക്ഷത വഹിച്ചു. ഓൾ ഇന്ത്യ കിഡ്നി ഫെഡറേഷൻ ചെയർമാൻ ഫാ. ഡേവിസ് ചിറമ്മേൽ 'രോഗിപരിചരണവും ആതുരശുശ്രൂഷയും' എന്ന വിഷയത്തിൽ ക്ലാസ്സ് നയിച്ചു. കെ.എസ്.എസ്.എസ് മുൻ ഡയറക്ടർ ഫാ. പോൾ ചൂരത്തൊട്ടി, കാരിത്താസ് ഇന്ത്യ പ്രതിനിധി സിബി ജോളി, ക്രെഡിറ്റ് യൂണിയൻ രൂപത പ്രസിഡന്റ് ടോമി കൈതവേലിൽ, സെക്രട്ടറി ജോൺസൺ കറുകപ്പിള്ളിൽ എന്നിവർ പ്രസംഗിച്ചു. കെ.എസ്.എസ്.എസ് ഡയറക്ടർ ഫാ. ജേക്കബ് തലാപ്പിള്ളിൽ സ്വാഗതവും സിസ്റ്റർ ആൻഗ്രേസ് നന്ദിയും പറഞ്ഞു.

സംഗമത്തിന് മുന്നോടിയായി നടന്ന ആരാധന ശുശ്രൂഷയ്ക്ക് ഫാ. ജോസഫ് എഴുമായിൽ നേതൃത്വം നൽകി. തുടർന്ന് അഭിവന്ദ്യ പിതാവ് ദിവ്യബലിയർപ്പിച്ചു. പങ്കെടുത്തവർക്ക് കുമ്പസാരിക്കുന്നതിനുള്ള സൗകര്യവും ഒരുക്കി. 64 ഇടവകകളിൽ നിന്നായി 166 രോഗികൾ പങ്കെടുത്തു. പങ്കെടുത്ത മുഴുവൻ രോഗികൾക്കും കെ.എസ്.എസ്.എസ്. ഉല്പന്നങ്ങളുടെ കിറ്റും സാമ്പത്തിക സഹായവും നൽകുകയുണ്ടായി. ആശാകിരണം സന്നദ്ധ പ്രവർത്തകരും ക്രെഡിറ്റ് യൂണിയൻ ആനിമേറ്റേഴ്സും കെ.എസ്.എസ്.എസ് സ്റ്റാഫും ഉൾപ്പെടെ ഇരുന്നൂറ്റിയമ്പതോളം പേർ പങ്കെടുത്തു.

*SS. 15 /2017* **ആശാകിരണം കോയിൻ ബോക്സുകൾ**

ആശാകിരണം കാൻസർ സുരക്ഷാപദ്ധതിയുടെ ധനസമാഹരണത്തിനായി വീടുകളിൽ സ്ഥാപിച്ചിട്ടുള്ള കോയിൻ ബോക്സുകൾ ഇനിയും ആവശ്യമുള്ളവർക്ക് കെ.എസ്.എസ്.എസിൽ നിന്നും നൽകു

ന്നതാണ്. പുതിയതായി ബോക്സ് വയ്ക്കാൻ താല്പര്യമുള്ള ഇടവകകളും ബോക്സുകൾ നഷ്ടപ്പെട്ടവരും കൂടുതൽ ബോക്സുകൾ ആവശ്യമുള്ളവരും ആഗസ്റ്റ് 15-ന് മുമ്പ് കെ.എസ്.എസ്.എസ് ഓഫീസിൽ വിളിച്ച് ബോക്സുകളുടെ എണ്ണം അറിയിക്കേണ്ടതാണ്. ഫോൺ. 8281358142

*SS. 16 /2017* **ജീവ നോട്ടുബുക്കുകൾ**

സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ നേര്യമംഗലത്ത് അച്ചടിക്കുന്ന ജീവ നോട്ട് ബുക്കുകൾ ഈ വർഷം ഓർഡർ ചെയ്ത മുഴുവൻ പേർക്കും സമയബന്ധിതമായി എത്തിച്ചു നൽകാൻ സാധിച്ചു.കൂടുതൽ ഗുണമേന്മയുള്ളതും താരതമ്യേന വിലക്കുറവുള്ളതുമായ ജീവ നോട്ട് ബുക്കുകൾ ഇനിയും ആവശ്യമുള്ളവർ നേര്യമംഗലം ജീവ നോട്ട് ബുക്ക് യൂണിറ്റുമായി ബന്ധപ്പെടുക. കൂടുതൽ ഓർഡർ ഉണ്ടെങ്കിൽ ഓർഡർ അനുസരിച്ച് എത്തിച്ച് നൽകുന്നതാണ്.

*SS. 17 /2017* **ജീവ കുത്തരി**

സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ഉല്പന്നമായ ജീവ കുത്തരിയുടെ ഗോഡൗൺ പരീക്കണ്ണിയിൽ നിന്നും കോതമംഗലം ബിഷപ്പ്സ് ഹൗസ് കോമ്പൗണ്ടിലേക്ക് മാറ്റി സ്ഥാപിക്കുകയുണ്ടായി. അരി ആവശ്യമുള്ളവർക്ക് കെ.എസ്.എസ്.എസ്. ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്. കൂടുതൽ ഓർഡർ നൽകുന്നവർക്ക് അരി സ്ഥലത്ത് എത്തിച്ചു നൽകുന്നതായിരിക്കും. ഫോൺ: 9446330642

*SS. 13 /2017* **ആശാകിരണം സഹായവിതരണം**

ആശാകിരണം കാൻസർ സുരക്ഷാപദ്ധതിയുടെ ഭാഗമായി 3,80000/-രൂപ 79 രോഗികൾക്കായി 2017 ജൂൺ മാസത്തിൽ വിതരണം ചെയ്യുകയുണ്ടായി.

*Director*

# തിരുബാലസഖ്യം

*HC 11 /2017* **തിരുബാലസഖ്യം മത്സരങ്ങൾ**

ആഗസ്റ്റ് 5-ന് ക്ലസ്റ്റർ മീറ്റിംഗും ആഗസ്റ്റ് 19-ന് വർക്കിംഗ് ഡേയും ആയതുകൊണ്ട് 3 റീജിയണുകളിലെയും മത്സരങ്ങൾ ആഗസ്റ്റ് 12 -ന് നടത്തുന്നു. വെബ്സൈറ്റ് വഴിയാണ് രജിസ്ട്രേഷൻ ചെയ്യേണ്ടത്. രജിസ്ട്രേഷന്റെ അവസാന തീയതി ആഗസ്റ്റ് 10 ആയിരിക്കും. മൂന്ന് റീജി



യണുകളിലും കൃത്യം 9.00-ന് രജിസ്ട്രേഷനും വ്യക്തിഗത ഇനങ്ങൾ 9.30-നും ഗ്രൂപ്പ് ഇനങ്ങൾ 11 മണിക്കും ആരംഭിക്കും. ഉച്ചഭക്ഷണം കുട്ടികൾ കരുതേണ്ടതാണ്.

കോതമംഗലം റീജിയൺ - സെന്റ് അഗസ്റ്റിൻ GHSS കോതമംഗലം

തൊടുപുഴ റീജിയൺ - ന്യൂമാൻ കോളേജ് തൊടുപുഴ

മൂവാറ്റുപുഴ റീജിയൺ - നിർമ്മല പബ്ലിക് സ്കൂൾ മൂവാറ്റുപുഴ

മത്സര ഇനങ്ങൾ:

1. വിശുദ്ധരുടെ കഥ പറച്ചിൽ (3 മിനിറ്റ്) ജൂണിയേഴ്സിന് മാത്രം.
2. കളറിംഗ് (30 മിനിറ്റ്) ജൂണിയേഴ്സിന് മാത്രം.
3. പ്രസംഗം (3-5 മിനിറ്റ്) ജൂണിയർ സീനിയർ വിഭാഗങ്ങൾക്ക്.
4. സംഗീതം (5 മിനിറ്റ്) ജൂണിയർ സീനിയർ വിഭാഗങ്ങൾക്ക്.
5. വചനം എഴുത്ത് (വി. യോഹന്നാൻ) (30 മിനിറ്റ്) സീനിയേഴ്സിന് മാത്രം.
6. ബൈബിൾ വായന (യോഹന്നാൻ 15) സീനിയേഴ്സിന് മാത്രം.
7. മൈ ബൈബിൾ - സീനിയേഴ്സിന് മാത്രം.
8. കുട്ടി ക്വിസ് - സീനിയേഴ്സിന് മാത്രം.
9. ആക്ഷൻ സോംഗ് (5 മിനിറ്റ്) (മിനിമം 5, പരമാവധി 7 പേർ).
10. ഗ്രൂപ്പ് സോംഗ് (5 മിനിറ്റ്) (മിനിമം 5, പരമാവധി 7 പേർ).

*Director*

# ചെറുപുഷ്പമിഷൻലീഗ്

*CML 44 /2017* **ജോയിന്റ് ഡയറക്ടേഴ്സ് മീറ്റ്/ സീനിയർ ഓർഗനൈസേഴ്സ് മീറ്റ്**

ആഗസ്റ്റ് 26-ാം തീയതി ശനിയാഴ്ച രാവിലെ 10 മണിക്ക് മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് ജോയിന്റ് ഡയറക്ടേഴ്സ് മീറ്റ് / സീനിയർ ഓർഗനൈസേഴ്സ് മീറ്റ് നടത്തുന്നു. എല്ലാവരും പങ്കെടുക്കുവാൻ ശ്രദ്ധിക്കുക.

*CML 45 /2017* **മേഖലാ കലാമത്സരങ്ങൾ**

മേഖലാ കലാമത്സരങ്ങൾ സെപ്തംബർ 6-ന് എട്ട് മേഖലാ കേന്ദ്രങ്ങളിൽ വച്ച് നടത്തുന്നു. മത്സരങ്ങളുടെ രജിസ്ട്രേഷൻ വെബ്സൈറ്റ് വഴിയാണ്. ആഗസ്റ്റ് 10-ന് രജിസ്ട്രേഷൻ ആരംഭിക്കും. അവസാന തീയതി സെപ്തംബർ 10 ആയിരിക്കും.

**CML 46 /2017 അവാർഡുകളും സമ്മാനങ്ങളും**

**രൂപതയിലെ മികച്ച ശാഖകൾ**

300-ന് മുകളിൽ അംഗങ്ങൾ ഉള്ളത്

1 തൊടുപുഴ, 2 പൈങ്ങോട്ടൂർ, 3 കോതമംഗലം

150-ന് മുകളിൽ അംഗങ്ങൾ ഉള്ളത്

1 കദളിക്കാട്, 2 നെല്ലിക്കുഴി, 3 ആനിക്കാട്

150-ന് താഴെ അംഗങ്ങൾ ഉള്ളത്

1 നാടുകാണി, 2 മലയിഞ്ചി, 3 മാതിരപ്പിള്ളി

**രൂപതയിലെ മികച്ച മേഖലകൾ**

1 തൊടുപുഴ, 2 ഊന്നുകൽ, 3 വാഴക്കുളം

**പ്രോത്സാഹന സമ്മാനങ്ങൾ**

1. നെടിയകാട്, 2. ആലക്കോട്, 3 പന്നിമറ്റം, 4. ആരക്കുഴ 5. പരിശക്കല്ല്, 6. നിർമ്മലമാതാ, 7. നീണ്ടപാറ

**സമ്പൂർണ്ണ ചെറുസൂനം ശാഖകൾ**

1 കുത്തുങ്കൽ, 2 മലയിഞ്ചി, 3 ഉരുളൻതണ്ണി, 4 വണ്ണപ്പുറം, 5 പള്ളിക്കാമുറി, 6 നീണ്ടപാറ, 7 രാജഗിരി

**CML 47 /2017 കുഞ്ഞേട്ടൻ അനുസ്മരണം**

സി.എം.എൽ സ്ഥാപകപിതാവ് ശ്രീ. പി.സി. അബ്രാഹം പല്ലാട്ടുകുന്നേൽ നിര്യാതനായിട്ട് അഞ്ചുവർഷം തികയുകയാണ്. മിഷൻലീഗ് സംഘടനയ്ക്ക് രൂപവും ഭാവവും നൽകി അതിനെ വളർത്തി വലുതാക്കിയ കുഞ്ഞേട്ടനെ നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം. സംഘടനാംഗങ്ങൾ അന്നേ ദിവസം വി. ബലിയിലും കുടുംബപ്രാർത്ഥനയിലും കുഞ്ഞേട്ടനെ അനുസ്മരിക്കുകയും സംഘടനാപ്രവർത്തനത്തിന്റെ വിജയത്തിനായി പ്രാർത്ഥിക്കുകയും ചെയ്യണം.

**CML 48 /2017 കുഞ്ഞേട്ടൻ അനുസ്മരണ ക്വിസ്**

ചെറുപുഷ്പ മിഷൻലീഗ് വാഴക്കുളം മേഖലയുടെ ആഭിമുഖ്യത്തിൽ മിഷൻ ലീഗിന്റെ സ്ഥാപകപിതാക്കന്മാരിൽ ഒരാളായ കുഞ്ഞേട്ടന്റെ അനുസ്മരണാർത്ഥം രൂപതാതലത്തിൽ നടത്തി വരാറുള്ള കുഞ്ഞേട്ടൻ അനുസ്മരണ ക്വിസ് മത്സരം 2017 ആഗസ്റ്റ് 12-ാം തീയതി രാവിലെ 10 മണിക്ക് വാഴക്കുളം സെന്റ് ജോർജ്ജ് കോളേജിൽ വച്ച് നടത്തപ്പെടുന്നു. രജിസ്ട്രേഷൻ ഫീസ് 150 രൂപയായിരിക്കും.



ബന്ധപ്പെടേണ്ട നമ്പറുകൾ - 9539435458, 9455369446, 9745609944

*Director*

# കെ.സി.എസ്.എൽ.

**KCSL 23/2017 വെബ് സൈറ്റ് രജിസ്ട്രേഷൻ**

നമ്മുടെ വിദ്യാലയങ്ങളിലെ കെ.സി. എസ്. എൽ അംഗങ്ങളുടെ പേരുവിവരം വെബ്സൈറ്റിൽ ഇതിനോടകം ചേർക്കപ്പെട്ടിരിക്കുന്നു. ഈ ഉദ്യമത്തിൽ വളരെ ഭംഗിയായി സഹകരിച്ച് പ്രവർത്തിച്ച എല്ലാ ആനിമേറ്റേഴ്സിനും അഭിനന്ദനങ്ങൾ, പ്രാർത്ഥനകൾ.

**KCSL 24/2017 സ്ക്രാച്ച് ആൻഡ് വിൻ കൂപ്പൺ**

കെ.സി.എസ്.എൽ സ്ക്രാച്ച് ആൻഡ് വിൻ കൂപ്പണുകൾ വില്പന നടത്തി കമ്മീഷൻ ഒഴിച്ചുള്ള തുക ഓഫീസിൽ എത്തിക്കുമല്ലോ.

**KCSL 25/2017 നേതൃസംഗമം**

സംസ്ഥാനതല വിദ്യാർത്ഥി ഭാരവാഹി നേതൃസംഗമം ജൂലൈ 7, 8 തീയതികളിൽ ചങ്ങനാശ്ശേരി രൂപതയുടെ നേതൃത്വത്തിൽ മാങ്ങാനം സ്പിരിച്ച്വാലിറ്റി സെന്ററിൽ വച്ചു നടന്നു. ചെയർമാൻ അലക്സ് ജോർജ്ജിന്റെ നേതൃത്വത്തിൽ ഭാരവാഹികൾ പങ്കെടുത്തു. ജോയിന്റ് ഡയറക്ടർ സി. മാഗി എസ്.എ.ബി.എസ്, വൈസ് പ്രസിഡന്റ് ജയ്മോൻ ജയിംസ് എന്നിവർ സംബന്ധിച്ചു.

**KCSL 26/2017 വിയാനി ദിനം**

ആഗസ്റ്റ് 4 വൈദികദിനം ആയി ആചരിക്കുന്നു. മാനേജരച്ചന്മാരെ ആദരിക്കുവാൻ ഈ ദിനം പ്രയോജനപ്പെടുത്തുമല്ലോ.

**KCSL 27/2017 ഇന്റർ സ്കൂൾ ബൈബിൾ ക്വിസ്**

ഇന്റർ സ്കൂൾ ബൈബിൾ ക്വിസ് മത്സരത്തിന്റെ പ്രാഥമിക റൗണ്ട് ആഗസ്റ്റ് 18-ന് വിവിധ റീജിയണുകളിലെ സെന്ററുകളിൽ നടക്കും. ഒരു വിഭാഗത്തിൽ നിന്നും 2 കുട്ടികളുള്ള ഒരു ടീമിന് പങ്കെടുക്കാം. പങ്കെടുക്കുന്നവരുടെ പേരുവിവരം വെബ്സൈറ്റിലൂടെ ആഗസ്റ്റ് 16-ന് മുമ്പ് രജിസ്റ്റർ ചെയ്യേണ്ടതാണ്. പഠനഭാഗങ്ങൾ മാർഗ്ഗരേഖയിൽ നൽകിയിരിക്കുന്നത് ശ്രദ്ധിക്കുമല്ലോ. കൂടുതൽ വിവരങ്ങൾക്കായി വെബ്സൈറ്റ്

സന്ദർശിക്കുക.

റീജിയൺ സെന്ററുകൾ (പരീക്ഷാകേന്ദ്രങ്ങൾ):
കോതമംഗലം -SAGHSS കോതമംഗലം
മൂവാറ്റുപുഴ - SAGHSS മൂവാറ്റുപുഴ
തൊടുപുഴ - Jairani English Medium (State) തൊടുപുഴ

*Director*

# ഫാമിലി അപ്പോസ്തലേറ്റ്

## *FA 35 /2017* ആനിമേറ്റേഴ്സ് മീറ്റ്

ഫാമിലി അപ്പോസ്തലേറ്റിന്റെ ആഭിമുഖ്യത്തിലുള്ള ആനിമേറ്റർമാരുടെ ഒരു സംയുക്തസംഗമം 2017 ആഗസ്റ്റ്12-ാം തീയതി ശനിയാഴ്ച രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 3.30 വരെ മൂവാറ്റുപുഴ NESTT –ൽ വച്ച് നടത്തപ്പെടുകയാണ്. എല്ലാ ഫൊറോന-ഇടവക ആനിമേറ്റർമാരുമാണ് മീറ്റിൽ പങ്കെടുക്കേണ്ടത്. മാതൃവേദി, പിതൃവേദി അംഗങ്ങളുടെ പേര് ഓൺലൈനിൽ ചേർക്കുന്നതിനുള്ള Demo class തദവസരത്തിൽ നടത്തപ്പെടുന്നു.

## *FA 36 /2017* ജൂബിലി ദമ്പതീസംഗമം

വിവാഹത്തിന്റെ സുവർണ്ണ/രജത ജൂബിലി ആഘോഷിക്കുന്ന ദമ്പതികൾക്കായുള്ള ജൂബിലി ദമ്പതീസംഗമം 2017 ഒക്ടോബർ 2-ാം തീയതി തിങ്കളാഴ്ച രാവിലെ 9 മണിമുതൽ 4 വരെ വിശ്വജ്യോതി കോളേജിൽ ചേരുന്നു. പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവരുടെ പേരുവിവരങ്ങളും ഫോട്ടോയും രജിസ്ട്രേഷൻ ഫീസായ 100 രൂപയും ഓഗസ്റ്റ് 30-ാം തീയതിക്കു മുമ്പായി മൂവാറ്റുപുഴ NESTT ഓഫീസിൽ എത്തിക്കേണ്ടതാണ്.

## *FA 37 /2017* ഫാമിലി അപ്പോസ്തലേറ്റ് വെബ്സൈറ്റ്

ഫാമിലി അപ്പോസ്തലേറ്റ് വെബ്സൈറ്റിൽ രൂപത - ഫൊറോന - ഇടവക -വാർഡ് തല ഭാരവാഹികളുടേയും ഡയറക്ടർമാർ, ആനിമേറ്റർമാർ എന്നിവരുടേയും പേരും ഫോൺനമ്പരും ഫോട്ടോയും ഉൾപ്പെടുത്തുവാൻ ആഗ്രഹിക്കുന്നു. ആയത് ഓഗസ്റ്റ് 30-നകം NESTT ഓഫീസിൽ എത്തിക്കേണ്ടതാണ്.



## *FA 38 /2017* റിസോഴ്സ് ടീം മീറ്റിംഗ്

4-ാം മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ളിയുടെ വെളിച്ചത്തിൽ മേജർ ആർച്ച് ബിഷപ് പുറപ്പെടുവിച്ച “ഒന്നായി മുന്നോട്ട്” എന്ന അജപാലന പ്രബോധനരേഖയെ സംബന്ധിച്ച് എല്ലാ ഇടവകകളിലും വാർഡ് ലീഡർമാർക്കായി പഠനക്ളാസ് സംഘടിപ്പിക്കാൻ ആഗ്രഹിക്കുന്നു. ഇതിനായുള്ള രൂപതാതല റിസോഴ്സ് ടീം മീറ്റിംഗ് ഓഗസ്റ്റ് 5 ശനിയാഴ്ച രാവിലെ 10 മുതൽ ഉച്ചകഴിഞ്ഞ് 3.30 വരെ NESTTപാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു.

## *FA 39 /2017* ഫാമിലി കൗൺസിലിംഗ്

ഫാമിലി അപ്പോസ്തലേറ്റിന്റെ ആഭിമുഖ്യത്തിൽ എല്ലാ ദിവസവും NESTT –ൽ സൗജന്യ ഫാമിലി കൗൺസിലിംഗിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. തിങ്കൾ മുതൽ ശനി വരെ രാവിലെ 10 മുതൽ വൈകിട്ട് 3.00 വരെയും ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മുതൽ 5 വരെയും കൗൺസിലിംഗ് സൗകര്യമുണ്ടായിരിക്കും. ബുക്കിംഗിന് 0485-2989222, 9495011191 നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

## *FA 40 /2017* ഫൊറോനാ ഡയറക്ടർമാർ

ഫാമിലി അപ്പോസ്തലേറ്റിന്റെ പുതിയ ഫൊറോനാ ഡയറക്ടർമാരായി ഫാ. ജോർജ് വള്ളോംകുന്നേൽ (ഊന്നുകൽ), ഫാ. ജെയിംസ് കക്കുഴി (കരിമണ്ണൂർ) എന്നിവർ ചാർജെടുത്തിട്ടുണ്ട്. ഇരുവർക്കും പ്രവർത്തനവിജയങ്ങൾ നേരുന്നു.

## *FA 41 /2017* യൂദിത്ത് (വിധവാ) ധ്യാനം

C.M.C പാവനാത്മാ പ്രൊവിൻസിന്റെ നേതൃത്വത്തിൽ ഫാമിലി അപ്പോസ്തലേറ്റും മാതൃവേദിയുമായി ചേർന്ന് മുതലക്കോടം സാപിയൻസിയ ഫാമിലി ഗൈഡൻസ് സെന്ററിൽവച്ച് വിധവകൾക്കായുള്ള യൂദിത്ത് ധ്യാനം ജൂലൈ 28 മുതൽ 30 വരെ നടത്തപ്പെടുന്നു.

## *FA 42 /2017* ദമ്പതീധ്യാനം

ഫാമിലി അപ്പോസ്തലേറ്റിന്റേയും S.H കോൺഗ്രിഗേഷന്റേയും സംയുക്താഭിമുഖ്യത്തിൽ ആഗസ്റ്റ് 25 മുതൽ 27 വരെ മുതലക്കോടം സാപിയൻസിയ ഫാമിലി ഗൈഡൻസ് സെന്ററിൽവച്ച് ദമ്പതീധ്യാനം നടത്തപ്പെടുന്നു. ധ്യാനം 25 വെള്ളി 4 P.M-ന് ആരംഭിച്ച് 27 ഞായർ 5.00 P.M-ന് അവസാനിക്കും. ധ്യാനഫീസ് 350 രൂപ.

## FA 43 /2017 രാത്രി ആരാധന

ഫാമിലി അപ്പോസ്റ്റലേറ്റിന്റെ ആഭിമുഖ്യത്തിലുള്ള ആഗസ്റ്റ് മാസത്തെ രാത്രി ആരാധന 18-ാം തീയതി വെള്ളിയാഴ്ച വൈകിട്ട് 6 മണിക്ക് ആരംഭിച്ച് ശനിയാഴ്ച പുലർച്ചെ 1.00മണിക്ക് വി.കുർബാന യോടെ അവസാനിക്കും.

## FA 44/2017 Marriage Preparation Courses in Kerala, August 2017

| DIOCESE / ARCHDIOCESE | 1st Week | 2nd Week | 3rd Week | 4th Week |
|---|---|---|---|---|
| Alappuzha -8113934970 | | 11-13 | | |
| Bathery | | 11-14 | | |
| Changanacherry -0481-2424476,9495509843 | 7-9 | 11-13 | 14-16 | 21-23 |
| Ernakulam (Kaloor) -0484-2533077 | 7-9 | 13-15 | 21-23 | 28-30 |
| Ernakulam (Kalady) -0484-2462607 | 1-3 | 15-17 | 22-24 | 29-31 |
| Idukki -04864222632,9446837178 | | 14-16 | | 26-28 |
| Irinjalakuda -0480-2880439,9447992216 | | 7-9 | | 21-23 |
| Kanjirappally-0482-8205628,9497096431 | | 7-9 | | 24-26 |
| Kannur-9447144869 | | | | |
| Kochi (Latin)-0484-2328077,8547723791 | | 10-13 | | |
| Kollam (Latin)-0474-2749349,9645671314 | | 9-11 | | 23-25 |
| Kothamangalam-0485-2989222,9495011191 | 2-4 | | 16-18 | |
| Kottappuram (Latin)-0480-2807733 | 2-4 | | | |
| Kottayam-0481-2790947,9495080049 | | 10-12 | | |
| Kozhikkode-9349437053 | | | 16-20 | |
| Mananthavady-0493-5241335,9567764944 | | 11-14 | | 25-28 |
| Mavelikkara (Malankara)-9447280528 | | 11-13 | | |
| Neyyattinkara (Latin)-9447005093 | | 9-11 | | |
| Pala-0482-2210049 | | | 21-23 | |
| Palakkad-8281340073 | | 7-10 | | |
| Pathanmthitta-9446171556 | | 11-13 | | |
| Punalur-9497578852 | | 10-13 | | |
| Thalassery-0490-2343414,9656862148 | | 8-10 | | 22-24 |
| Thamarassery-0495-2730860 | | 9-12 | | |
| Thiruvalla-9495556074 | | 8-10 | | 22-24 |
| Thiruvananthapuram (Latin)-9447429407 | 7-9 | | | 28-30 |
| Thiruvananthapuram(malankara)-0471-2393679 | | 11-13 | | |
| Thrissur-0487-2336066,9605043327 | 2-4 | 9-11 | 16-18 23-25 | 30-01 |
| Varappuzha-0484-2393739,9447817698 | 4-6 | | 18-20 | |
| Vijayapuram-9447182300 | | 10-12 | 17-19 | 24-26 |

*Director*



# ദീപിക ഫ്രണ്ട്സ് ക്ലബ്ബ്

## DFC 41/2017 രൂപതാകമ്മിറ്റി

03-07-2017 -ൽ തൊടുപുഴ ടൗൺ പള്ളി ഹാളിൽ വച്ചും 10-07 -2017 -ൽ തൊടുപുഴ വിമല പബ്ലിക് സ്കൂളിൽ വച്ചും രൂപത കമ്മിറ്റി യോഗം ചേർന്ന് 28, 29 തീയതികളിൽ നടക്കാനിരിക്കുന്ന നേതൃത്വപരി ശീലന ക്യാമ്പിന്റെ കാര്യങ്ങൾ ചർച്ച ചെയ്തു.

## DFC 42/2017 ഫൊറോന കമ്മിറ്റി, കൺവെൻഷൻ

06-07-2017 -ൽ മാറിക ഫൊറോന കമ്മിറ്റിയും 16-07-2017-ൽ ഊന്നുകൽ ഫൊറോന കൺവൻഷനും നടന്നു.

## DFC 43/2017 "ദീപിക നമ്മുടെ ഭാഷ" പദ്ധതിയുടെ രൂപതാതല ഉദ്ഘാടനം

10-07-2017 -ൽ തൊടുപുഴ വിമല പബ്ലിക്ക് സ്കൂളിൽ വച്ച് "ദീപിക നമ്മുടെ ഭാഷ" പദ്ധതിയുടെ രൂപതാതല ഉദ്ഘാടനം അഭിവന്ദ്യ പി താവ് മാർ ജോർജ്ജ് മഠത്തിക്കണ്ടത്തിൽ നിർവഹിച്ചു.

## DFC 44/2017 ഇടവക പ്രസിഡന്റ്, വൈസ് പ്രസിഡന്റുമാരുടെ സമ്മേളനം

ഇടവകകളിലെ ഡി.എഫ്.സി. പ്രസിഡന്റ്, വൈസ് പ്രസിഡന്റു ന്മാരുടെ രൂപതാതല സമ്മേളനം 17-07-2017 -ൽ മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് നടന്നു. അഭിവന്ദ്യ പിതാവ് സമ്മേളനം ഉദ്ഘാടനം ചെയ്തു.

## DFC 45/2017 ദീപിക പ്രചരണ മാസാചരണം

ആഗസ്റ്റ് 1 മുതൽ 31 വരെ എല്ലാ ഇടവകകളിലും തീവ്രയത്ന ദീപിക പ്രചരണ മാസാചരണം നടത്തും.

*Co-ordinator*

# ജീസസ് യൂത്ത്

## JY 19/2017

23-06-2017 വെള്ളിയാഴ്ച കോടിക്കുളം സെന്റ് മേരീസ് ഹൈസ്കൂ ളിൽ ജീസസ് യൂത്ത് കോതമംഗലം സോണിന്റെ നേതൃത്വത്തിൽ വിദ്യാർത്ഥികൾക്കായി വൺ ഡേ പ്രോഗ്രാം നടത്തപ്പെട്ടു. ഫാ. പോൾ കാരക്കൊമ്പിൽ, സജി പന്നിയാർകുട്ടി എന്നിവർ നേതൃത്വം നല്കി.

*JY 20/2017*

ജീസസ് യൂത്ത് കോതമംഗലം സോൺ എല്ലാ മാസവും നടത്തി വരുന്ന നൈറ്റ് വിജിൽ 14-07-2017 വെള്ളിയാഴ്ച നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തി. അടുത്ത നൈറ്റ് വിജിൽ ആഗസ്റ്റ് മാസം 11-ാം തീയതി നടത്തും.

*JY 21/2017*

കോട്ടപ്പടി ഇടവകാംഗമായ ജോഫിൻ ജോസഫ് ജീസസ് യൂത്ത് കോതമംഗലം സോണിനായി ഒരു വർഷത്തേയ്ക്ക് കമ്മിറ്റ്മെന്റ് എടുക്കുന്നു.

*Animator*

## മാതൃവേദി

*MV 26 /2017* **ജൈവ പച്ചക്കറികൃഷി**

മാതൃവേദിയുടെ ആഭിമുഖ്യത്തിൽ നെസ്റ്റിൽ ആരംഭിച്ച ജൈവ പച്ചക്കറി കൃഷിയുടെ ഉദ്ഘാടനം 11-07-2017 -ൽ അഭിവന്ദ്യ പിതാവ് മാർ ജോർജ് പുന്നക്കോട്ടിൽ നിർവഹിച്ചു. നെസ്റ്റ് ഡയറക്ടർ, മാതൃവേദി ഡയറക്ടർ, ഭാരവാഹികൾ എന്നിവർ പങ്കെടുത്തു.

*MV 27 /2017* **നാഷണൽ ജനറൽ ബോഡി**

സീറോ മലബാർ മാതൃവേദിയുടെ ദേശീയ സമ്മേളനം ജൂലൈ 25, 26 തീയതികളിൽ കാക്കനാട് വച്ച് നടത്തുന്നു. രൂപതാ ഡയറക്ടറും ഭാരവാഹികളും പങ്കെടുക്കും.

*MV 28 /2017* **ആനിമേറ്റേഴ്സ് മീറ്റ്**

മാതൃവേദിയുടെ ആനിമേറ്റേഴ്സ് മീറ്റ് ആഗസ്റ്റ് 12-ന് നെസ്റ്റിൽ വച്ച് രാവിലെ 10 മണിക്ക് ആരംഭിക്കും. എല്ലാവരും പങ്കെടുക്കുവാൻ ശ്രദ്ധിക്കുമല്ലോ.

*MV 29 /2017* **ഉണർവ് -2017**

സൈക്കോ സ്പിരിച്വൽ പ്രോഗ്രാമിന്റെ 7-ാമത് ക്ലാസ്സ് 'മാധ്യമ ജാഗ്രത' എന്ന വിഷയത്തെക്കുറിച്ച് ടോംസ് ആന്റണി നയിച്ചു. അമ്പതോളം അമ്മമാർ പങ്കെടുത്തു. അടുത്ത ക്ലാസ്സ് ആഗസ്റ്റ് 16-ന് നെസ്റ്റിൽ വച്ച് നടത്തപ്പെടുന്നതാണ്.

*Director*



## ഡി.സി.എം.എസ്.

*DCMS 7 /2017* **ജീവിതദർശന ക്യാമ്പ്**

DCMS രൂപതാ സമിതിയുടെ ആഭിമുഖ്യത്തിൽ കുട്ടികൾക്കായി സെപ്തംബർ 4-ാം തീയതി 4.00 pm മുതൽ 6-ാം തീയതി 4.00 pm വരെ ജീവിതദർശന ക്യാമ്പ് മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് നടത്തപ്പെടുന്നു. പരിചയസമ്പന്നരായ വ്യക്തികൾ ക്ലാസ്സുകൾ എടുക്കുന്നതായിരിക്കും. ഇടവകയിലെ എല്ലാ DCMS കുട്ടികളേയും ക്യാമ്പിലേയ്ക്ക് പറഞ്ഞയയ്ക്കുവാൻ ബ. വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

*Director*

## ഓൾ കേരള കാത്തലിക് കോൺഗ്രസ്

*AKCC 11 /2017* **യൂണിറ്റ് തിരഞ്ഞെടുപ്പും അംഗത്വവിതരണവും**

കത്തോലിക്കാ കോൺഗ്രസ്സിന്റെ യൂണിറ്റ് ഭാരവാഹികളുടെ തിരഞ്ഞെടുപ്പും അംഗത്വവിതരണവും പുരോഗമിക്കുന്നു. ഇപ്പോൾ 75 ഇടവകകളിൽ ഇതിന്റെ പ്രവർത്തനം നടക്കുന്നുണ്ട്. മറ്റ് ഇടവകകളിലും പ്രവർത്തനങ്ങൾ നടന്നുവരുന്നു. എല്ലാവരുടേയും സഹകരണം പ്രതീക്ഷിക്കുന്നു.

*AKCC 12 /2017* **സൗജന്യ സേവന കേന്ദ്രം**

കത്തോലിക്കാ കോൺഗ്രസ് മൂവാറ്റുപുഴ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ കോളേജ് പ്രവേശനം ആരംഭിച്ച അവസരത്തിൽ സൗജന്യ സേവന കേന്ദ്രം ആരംഭിച്ചു. ന്യൂനപക്ഷ കമ്മീഷന്റെ കീഴിലുള്ള സ്കോളർഷിപ്പുകൾ ലഭിക്കുന്നതിനുവേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ. വിവിധ ലോണുകൾ സബ്സിഡികൾ എന്നിവയെപ്പറ്റിയുള്ള വിവരങ്ങൾ പാൻകാർഡ് ആധാർ ലിങ്കിഗ് തുടങ്ങിയ സേവനങ്ങളും ഇവിടെ നിന്ന് സൗജന്യമായി ചെയ്തുകൊടുക്കുന്നു.

*AKCC 13 /2017* **വെയിറ്റിംഗ് ഷെഡ്**

കത്തോലിക്കാ കോൺഗ്രസ് നെടിയശാല യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ മരിയൻ തീർത്ഥാടന കേന്ദ്രമായ നെടിയശാല പള്ളിയോട് അനുബന്ധിച്ച് ഒരു വെയിറ്റിംഗ് ഷെഡ് പൊതുജനത്തിന് സൗകര്യം ഒരുക്കിയിട്ടുണ്ട്.

*AKCC 14 /2017* **രോഗപ്രതിരോധമരുന്നു വിതരണം**

ഊന്നുകൽ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ഹോമിയോ ആശുപത്രിയുടെ സഹകരണത്തോടെ ഊന്നുകല്ലിൽ സൗജന്യ മഴക്കാല രോഗപ്രതിരോധ മരുന്നുവിതരണം നടത്തി.

*AKCC 15 /2017* **കിണർ റീച്ചാർജിംഗ്**

ഊന്നുകൽ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ മഴവെള്ള സംഭരണത്തിന്റെ ആവശ്യകതയെപ്പറ്റി ബോധവൽക്കരിക്കുന്നതിന് പള്ളിയോട് അനുബന്ധിച്ചുള്ള കിണർ റീച്ചാർജിംഗ് നടത്തി.

*AKCC 16 /2017* **കാർഷിക ഉൽപന്നങ്ങൾ ലേലം ചെയ്യുന്നു**

കത്തോലിക്കാ കോൺഗ്രസ്സിന്റെ ആഭിമുഖ്യത്തിൽ മുതലക്കോടത്ത് പ്രവർത്തിക്കുന്ന കർഷക ഓപ്പൺ മാർക്കറ്റിൽ കർഷകരിൽ നിന്നും സംഭരിക്കുന്ന ഉൽപന്നങ്ങൾ ലേലവ്യവസ്ഥയിൽ ആഴ്ചയിൽ ഒരു ദിവസം വില്ക്കുന്നു. ഇതിന്റെ ഉദ്ഘാടനം 19-07-2017-ന് നടത്തി.

*Director*

## എമ്മാനുവൽ റിട്രീറ്റ് സെന്റർ

*ERC 12 /2017*

2017 ജൂൺ മാസത്തെ 'ദിവ്യകാരുണ്യ രാത്രി ആരാധന' 30-ന് വെള്ളിയാഴ്ച നടത്തി. രാവിലെ 10 മണിമുതൽ ആരാധന, കൗൺസലിംഗ്, 3.00 മണിക്ക് കുരിശിന്റെ വഴി, കുമ്പസാരം, വൈകിട്ട് 6.30-ന് വചനസന്ദേശം ബ്രദർ രവി തോമസ് (അസീസ്സി ധ്യാനകേന്ദ്രം, ഭരണങ്ങാനം) വി. കുർബാന, വിടുതൽ ശുശ്രൂഷ, വാഹനവെഞ്ചരിപ്പ്. രാത്രി 10.30-ന് ശുശ്രൂഷകൾ സമാപിച്ചു. ശുശ്രൂഷകൾക്ക് ധ്യാനകേന്ദ്രം ഡയറക്ടർ ഫാ. പോൾ മൈലക്കച്ചാലിൽ, അസി. ഡയറക്ടർ, ഫാ. വർഗീസ് പാറമേൽ എന്നിവർ നേതൃത്വം നൽകി.

*ERC 13 /2017* **ഏപ്രിൽ മാസത്തിലെ ശുശ്രൂഷകൾ**

1. എല്ലാ ദിവസവും ഉച്ചകഴിഞ്ഞ് 3.00 മണിക്ക് ദിവ്യകാരുണ്യ ആരാധന, കുരിശിന്റെ വഴി, കുമ്പസാരം വൈകിട്ട് 5.00 മണിക്ക് വി. കുർബാനയോടെ സമാപിക്കും.
2. വെള്ളിയാഴ്ച്ചകളിൽ രാവിലെ 10 മണി മുതൽ ദിവ്യകാരുണ്യ ആരാധന, കൗൺസലിംഗ്, കുമ്പസാരം, കുരിശിന്റെ വഴി, വൈകിട്ട് 5 മണിക്ക് വി. കുർബാന.



3. എല്ലാ വ്യാഴാഴ്ചകളിലും വൈകിട്ട് 6.30 മുതൽ 9.00 മണിവരെ "തൊഴിലാളി കൂട്ടായ്മ" (ബിസിനസുകാരും തൊഴിലാളികളും അവരുടെ കുടുംബാംഗങ്ങളും പങ്കെടുക്കുന്ന കൂട്ടായ്മ) വചന പ്രഘോഷണം, ദിവ്യകാരുണ്യ ആരാധന, കുമ്പസാരം എന്നീ ശുശ്രൂഷകൾ ഉണ്ടായിരിക്കും.
4. ദിവ്യകാരുണ്യ ആരാധന - എല്ലാ മാസാവസാന വെള്ളിയാഴ്ചകളിലും നടത്തുന്നു.

   ആഗസ്റ്റ് മാസത്തെ ദിവ്യകാരുണ്യ രാത്രി ആരാധന 25-ാം തീയതി വെള്ളിയാഴ്ച നടക്കും. രാവിലെ 10.00 മണി മുതൽ ദിവ്യകാരുണ്യാരാധന, കൗൺസലിംഗ്, കുമ്പസാരം, 3.00 മണിക്ക് കുരിശിന്റെ വഴി, വൈകിട്ട് 6.00 മണി മുതൽ വചന പ്രഘോഷണം, 8.00 മണിക്ക് വി. കുർബാന, ദിവ്യകാരുണ്യപ്രദക്ഷിണം, വിടുതൽ ശുശ്രൂഷ, വാഹന വെഞ്ചരിപ്പ് എന്നിവയോടെ രാത്രി 10.30-ന് ശുശ്രൂഷകൾ സമാപിക്കും.

*Director*

## പ്രാർത്ഥനാഗ്രൂപ്പ്

*PG 7 /2017* **ക്രിസ്റ്റീൻ ധ്യാനം**

കോതമംഗലം സെന്റ് അഗസ്റ്റിൻസ് ഹയർ സെക്കന്ററി സ്കൂളിൽ ജൂലൈ 13, 14, 15 തീയതികളിൽ +1, +2 കുട്ടികൾക്കായി ക്രിസ്റ്റീൻ ധ്യാനം നടന്നു. കോതമംഗലം രൂപതാ പ്രാർത്ഥനാഗ്രൂപ്പ് ഡയറക്ടർ റവ. ഫാ. ജോർജ്ജ് കുരിശുംമൂട്ടിൽ നേതൃത്വം നൽകി. റവ. ഫാ. ജെയിംസ് മുണ്ടോളിക്കൽ, സോജൻ കെ. പോൾ, രാജേഷ് പിട്ടാപ്പിള്ളി, റെജി കുട്ടമ്പുഴ, എ.ജെ. ജോയി എന്നിവർ വചന സന്ദേശം നൽകി.

*PG 8 /2017* **സബ് സോൺ സർവ്വീസ് ടീം കൂട്ടായ്മ**

കോതമംഗലം സോണിലെ 8 സബ് സോണുകളിലെ തിരഞ്ഞെടുക്കപ്പെട്ട സർവ്വീസ് ടീം അംഗങ്ങളുടെ പ്രാർത്ഥനാ കൂട്ടായ്മ ജൂൺ 26-ന് കാരക്കുന്നം മോചന സ്പിരിച്ചൽ സെന്ററിൽ നടന്നു.

മദ്ധ്യസ്ഥ പ്രാർത്ഥന, പാരീഷ്, ജീവജ്വാല, കപ്പിൾസ്, കെരിഗ്മ എന്നീ മിനിസ്ട്രികളുടെ സോണൽ കോ-ഓഡിനേറ്റേഴ്സിനെയും കോർ ടീം അംഗങ്ങളേയും തിരഞ്ഞെടുത്തു.

PG 9 /2017 **ആദ്യകാല പ്രവർത്തകരുടെ കൂട്ടായ്മ**

കോതമംഗലം സോണിലെ വിവിധ ഇടവകകളിൽ നിന്നുള്ള ആദ്യകാല പ്രവർത്തകരുടെ കൂട്ടായ്മ കാരക്കുന്നം പള്ളി പാരീഷ് ഹാളിൽ വച്ച് നടന്നു. മുൻ കാലങ്ങളിലെ പ്രവർത്തനങ്ങളെ അനുസ്മരിക്കുകയും വർത്തമാന കാലഘട്ടത്തിന്റെ പ്രത്യേകതകൾ മനസ്സിലാക്കി ശുശ്രൂഷകളെ നവീകരിക്കുവാനുള്ള തീരുനമാനമെടുക്കുകയും.

PG 10 /2017 **ഫാത്തിമാ മാതാ തിരുസ്വരൂപ പ്രയാണം**

ഫാത്തിമയിൽ പരിശുദ്ധ കന്യാമറിയം പ്രത്യക്ഷപ്പെട്ടതിന്റെ 100-ാം വാർഷികാഘോഷത്തിന്റെ ഭാഗമായി കേരളത്തിൽ പ്രയാണം നടത്തുന്ന തിരുസ്വരൂപം കോതമംഗലം സോണിലെ വിവിധ ദൈവാലയങ്ങളിൽ എത്തിച്ചേരുന്നു.

പ്രയാണം സജീവവും ഫലപ്രദവുമാക്കുന്നതിനേക്കുറിച്ച് ആലോചിക്കാൻ കോതമംഗലം രൂപതാദ്ധ്യക്ഷൻ മാർ ജോർജ്ജ് മഠത്തിക്കണ്ടത്തിൽ പ്രാർത്ഥനാഗ്രൂപ്പ് ഡയറക്ടർ ഫാ. ജോർജ് കുരിശുംമൂട്ടിൽ, സോണൽ സർവ്വീസ് ടീം അംഗങ്ങൾ എന്നിവരുമായി ജൂലൈ 18-ന് യോഗം ചേർന്നു.

*Director*

# അല്മായ ഫ്രാൻസിസ്കൻ സഭ

SFO 29/2017 **കാരുണ്യ സംഗമം**

അഭിവന്ദ്യ മാർ മുരിക്കൻ പിതാവിന്റെ അദ്ധ്യക്ഷതയിൽ ജൂലൈ 1-ാം തീയതി ഭരണങ്ങാനം അസ്സീസിയിൽ വച്ചു നടന്ന SFO രൂപതാതല ഭാരവാഹികളുടെ സമ്മേളനത്തിൽ ഓരോ രൂപതാ ഭ്രാതൃത്വവും മൂന്നു ഭവനങ്ങൾ വീതം നിർമ്മിച്ചുനൽകുന്ന സംരംഭത്തിൽ കോതമംഗലം രൂപതാഭ്രാതൃത്വവും പങ്കുചേർന്നു.

SFO 30/2017 **രാത്രി ആരാധന**

എല്ലാ മാസവും പതിവായി ആദ്യവെള്ളിയാഴ്ചകളിൽ നടത്തിയിരുന്ന ഫ്രാൻസിസ്കൻ യുവജനങ്ങളുടെ രാത്രി ആരാധന ജൂലൈ 7-ാം തീയതി പുറപ്പുഴ സെന്റ് ആന്റണീസ് മേഴ്സി ഹോമിൽ വച്ച് നടത്തപ്പെട്ടു. ബ്ര. തങ്കച്ചൻ തുണ്ടിയിൽ വചനപ്രഘോഷണം നടത്തി.



പുറപ്പുഴ ഇടവകയിലെ രാത്രി ആരാധന ആദ്യവെള്ളിയാഴ്ച തന്നെ ആയതിനാൽ ഇനിമുതൽ ആദ്യവെള്ളിയാഴ്ചകളിൽ അല്മായ ഫ്രാൻസിസ്കൻ സഭയുടെ രാത്രി ആരാധന ഉണ്ടായിരിക്കുന്നതല്ല. പകരം എല്ലാമാസവും 13-ാം തീയതികളിൽ രാത്രി 7.00 മണിക്ക് ആരംഭിച്ച് രാവിലെ 12.00 മണിക്ക് അവസാനിക്കുന്ന വിധത്തിൽ ഫ്രാൻസിസ്കൻ യുവജനങ്ങളുടെ നേതൃത്വത്തിൽ പുറപ്പുഴ സെന്റ് ആന്റണീസ് മേഴ്സി ഹോമിൽ വച്ച് ശുശ്രൂഷകൾ പുനഃക്രമീകരിച്ചിരിക്കുന്നു.

SFO 31/2017 **മരിയൻ ഫ്രട്ടേർണിറ്റി**

അല്മായ ഫ്രാൻസിസ്കൻ സഹോദരങ്ങൾ വിവിധ കർമ്മരംഗങ്ങളിൽ നിന്നും വിരമിച്ചവർക്കുവേണ്ടി നടത്തുന്ന ശുശ്രൂഷയായ മരിയൻ ഫ്രട്ടേർണിറ്റിയുടെ ജൂലൈ മാസത്തിലെ കൂട്ടായ്മ ജൂലൈ 21-ാം തീയതി പുറപ്പുഴ മേഴ്സി ഹോമിൽ വച്ച് നടത്തപ്പെടുന്നു. ഫാ. ഷാജിയുടെ ദൈവശാസ്ത്രക്ലാസ്സുകൾ അവിടെ വച്ച് നടത്തപ്പെടുന്നതാണ്. അല്മായ ഫ്രാൻസിസ്കൻ സഭയിൽ നിന്നും ആലുവ PIA യിൽ രണ്ടു വർഷത്തെ ദൈവശാസ്ത്രപഠനത്തിന് ചേർന്ന എല്ലാവരുടെയും പഠനക്ലാസ്സുകൾ അവിടെ ക്രമീകരിച്ചിരിക്കുന്നു.

SFO 32/2017 **ഫാത്തിമ ദിനാചരണം**

വണ്ടമറ്റം ഭ്രാതൃത്വം വികാരി റവ. ഫാ. ജോസഫ് മക്കോളിലിന്റെ നേതൃത്വത്തിൽ നടത്തിയ ഫാത്തിമാ ദിനാചരണത്തിൽ നൂറുകണക്കിനുപേർ സമ്മേളിച്ചു. റവ. ഫാ. ജോർജ് ചേറ്റൂർ വി. ബലിയർപ്പിച്ചു പ്രാർത്ഥിച്ചു. ബ്രദർ ബേബി ജോൺ കലയന്താനി വചനപ്രഘോഷണം നടത്തി. തുടർന്ന് പ്രദക്ഷിണവും നേർച്ചവിതരണവും നടന്നു.

SFO 33/2017 **പുതിയ നേതൃത്വം**

അല്മായ ഫ്രാൻസിസ്കൻ സഭയുടെ കോതമംഗലം രൂപതയുടെ ഡയറക്ടർ സ്ഥാനത്തുനിന്നും റവ. ഫാ. സോമി പാണംകാട്ട് OFM.Cap സ്ഥാനമൊഴിയുന്നു. പുറപ്പുഴ സെന്റ് ആന്റണീസ് മേഴ്സി ഹോമിന്റെ ചുമതലകളിലേക്ക് സ്ഥലം മാറി പോകുന്ന സോമിയച്ചനുപകരം ജൂലൈ മാസം മുതൽ റവ. ഫാ. ജോബി കരിക്കംവള്ളിച്ചിറയിൽ OFM. Cap (9496963646) അല്മായ ഫ്രാൻസിസ്കൻ സഭയുടെ നേതൃത്വം ഏറ്റെടുക്കുന്നു. ജോബിയച്ചന് കോതമംഗലം രൂപതാ ഭ്രാതൃത്വത്തിന്റെ സ്വാഗതം.

*Director*

# സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി

## SV 15 /2017 സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി കേരളാ റീജിയൻ പൊതുയോഗം

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ കേരളാ റീജീയൻ പൊതുയോഗം തൊടുപുഴ ഓസാനാം ഹോമിൽ വച്ച് നടന്നു. കേരളത്തിലെ 31 രൂപതകളിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുത്ത യോഗം കോതമംഗലം രൂപതാ അദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോർജ്ജ് മഠത്തിക്കണ്ടത്തിൽ ഉദ്ഘാടനം ചെയ്തു. വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ വെറും സാമൂഹിക സേവനമല്ല ഒരു കാരുണ്യ പ്രവൃത്തിയാണ് എന്നും യുവജനങ്ങൾ കൂടുതലായി പ്രവർത്തനരംഗങ്ങളിൽ കടന്നുവരണമെന്നും പിതാവ് ഓർമ്മിപ്പിച്ചു. പാലാ രൂപതാ സഹായ മെത്രാൻ മാർ ജേക്കബ് മുരിക്കൻ മുഖ്യ പ്രഭാഷണം നടത്തി. ദളിത് വിഭാഗങ്ങൾക്കായി കെ.സി.ബി.സി. നടപ്പാക്കുന്ന ഭവനപദ്ധതിയെ കുറിച്ച് അദ്ദേഹം വിശദീകരിച്ചു. കെ. ആർ.സി.സി. കോ ഓർഡിനേറ്റർ മൈക്കിൾ ഡി ക്രൂസ് അധ്യക്ഷനായിരുന്നു. അന്താരാഷ്ട്ര വൈസ് പ്രസിഡന്റ് ഡോ. ജോൺസൺ വർഗ്ഗീസ് ആത്മീയ ഉപദേഷ്ടാവ് റവ. ഡോ. സ്റ്റാൻലി കുന്നേൽ, പി. ഐ. ജോസഫ് പെരിയക്കോട്ടിൽ, ഫ്രാൻസീസ് കരിമ്പടക്കുഴി, ബിനു വെളിയനാടൻ, ബേബി തെക്കൻ, അഡ്വ ബാബു കുമ്പളാങ്കൽ തുടങ്ങിയവർ പ്രസംഗിച്ചു.

## SV 16 /2017 ആട് വിതരണം

മുണ്ടൻമുടി സെന്റ് മേരീസ് കോൺഫ്രൻസിന്റെ ആഭിമുഖ്യത്തിൽ ഇടവകയിലെ 20 കുടുംബങ്ങൾക്ക് ആടുവിതരണം നടത്തി. 1,00,000 രൂപ ചെലവു വന്ന പ്രോജക്ടിന്റെ ഉദ്ഘാടനം ആദ്ധ്യാത്മിക ഉപദേഷ്ടാവ് റവ. ഫാ. സെബാസ്റ്റ്യൻ പന്നാരക്കുന്നേൽ നിർവഹിച്ചു.

കൊടുവേലി സെന്റ് തെരേസാസ് കോൺഫ്രൻസിന്റെ ആഭിമുഖ്യത്തിൽ 7 കുടുംബങ്ങൾക്ക് ആടുകളെ നൽകി. 32, 000 രൂപ ചെലവായി. റവ. ഫാ. തോമസ് മഞ്ഞക്കുന്നേൽ, റവ. ഫാ. ജിജോ ഉറുമ്പിൽ എന്നിവർ സന്നിഹിതരായിരുന്നു.

പരീക്കണ്ണി സെന്റ് മേരീസ് കോൺഫ്രൻസിന്റെ ആഭിമുഖ്യത്തിൽ സൗജന്യമായി നൽകിയ ആടുകളുടെ വിതരണോദ്ഘാടനം ആത്മീയോപദേഷ്ടാവ് റവ. ഫാ. അഗസ്റ്റിൻ വട്ടക്കാട്ട് നിർവഹിച്ചു. 62,000 രൂപ ചെലവഴിച്ച് 15 കുടുംബങ്ങൾക്കാണ് ആടുകളെ നൽകിയത്.



മഞ്ഞള്ളൂർ ബസ്‌ലഹേം ഹോളി ഫാമിലി കോൺഫ്രൻസിന്റെ ആഭിമുഖ്യത്തിൽ ദരിദ്ര കുടുംബങ്ങളിൽപ്പെട്ട 7 സ്ത്രീകൾക്ക് ഓരോ പെണ്ണാടുകളെ നൽകുകയുണ്ടായി. 60,000 രൂപ ചെലവായി. ചടങ്ങിൽ ആദ്ധ്യാത്മികോപദേഷ്ടാവ് റവ. ഫാ. ജെയിംസ് പനച്ചിക്കൽ സന്നിഹിതനായിരുന്നു.

*Animator*

# നെസ്റ്റ് പ്രോഗ്രാം

**Ph. 0485 - 2830033**

| | | |
|---|---|---|
| Aug. 2-4 | - | Pre- Marriage Course |
| " 5 | - | Family Apostlate, Resource Persons' Meeting |
| " 6 | - | Catechism Teachers' Meeting |
| " 6 | - | KLM Forum Leaders' gathering |
| "12-13 | - | MICA Meeting |
| "16-18 | - | Pre- Marriage Course |

*Director*

# തിരുനാൾ മംഗളങ്ങൾ

| | | | |
|---|---|---|---|
| Rev. Fr. | Athickal Pius | **August** | 21 |
| " | Malekandathil Pius | " | 21 |
| " | Kunnappillil Augustine | " | 28 |
| " | Padinjarekutt Augustine | " | 28 |
| " | Vattakkatt Augustine | " | 28 |

# രൂപതാദ്ധ്യക്ഷന്റെ ഡയറി

**ജൂൺ**

19 • ബിഷപ്പ്സ് ഹൗസിൽ വച്ചു നടന്ന മാതൃവേദി, ഫാമിലി അപ്പോസ്തലേറ്റ്, വിമൻസ് ഫോറം സംഘടനകളുടെ മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു.

20 • മൈനർ സെമിനാരിയിൽ വി. കുർബാനയർപ്പിച്ചു സന്ദേശം നൽകി.
• ബിഷപ്സ് ഹൗസിൽ വച്ചു നടന്ന സോഷ്യൽ സർവീസ് മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു.
• രൂപതയിലെ വിവിധ സംഘടനകളുടെ ഡയറക്ടേഴ്സ് മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു.
21 • കാരക്കുന്നം LSDP കോൺവെന്റിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.
• ന്യൂമാൻ കോളേജിൽ നടന്ന ഹയർ എഡ്യൂക്കേഷൻ സൊസൈറ്റി മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു.
22 • തൊടുപുഴ SD കോൺവെന്റിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നല്കി.
23 • തിരുഹൃദയ തിരുനാളിനോടനുബന്ധിച്ച് മൈനർ സെമിനാരിയിലും ബിഷപ്പ്സ് ഹൗസിലും വെഞ്ചരിച്ചു കർമ്മം നിർവഹിച്ചു.
24 • മൂവാറ്റുപുഴ ഇടവകാംഗമായ ഇളയിടത്തുക്കുന്നേൽ ജിജോ-ജിൻസി ദമ്പതികളുടെ അഞ്ചാമത്തെ കുട്ടിയായ ജോൺ പോളിന്റെ പ്രവേശകകൂദാശകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.
• FCC സന്യാസിനി സമൂഹത്തിൽ അംഗമായ സി. ഉഷാ റാണി FCC യുടെ മൃതസംസ്കാരശുശ്രൂഷകൾക്ക് വാഴപ്പിള്ളി മഠം കപ്പേളയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.
• മുതലക്കോടം ഹോളി ഫാമിലി ഹോസ്പിറ്റലിൽ വച്ചു നടന്ന സർജിക്കൽ സെമിനാർ ഉദ്ഘാടനം ചെയ്തു.
25 • മാലിപ്പാറ സെന്റ് മേരീസ് ഇടവകയിൽ അജപാലന സന്ദർശനം നടത്തി.
26 • പൈങ്ങോട്ടൂർ സെന്റ് ആന്റണീസ് ഇടവകയിൽ സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ നേതൃത്വത്തിൽ നിർമ്മിച്ച കാരുണ്യഭവനത്തിന്റെ വെഞ്ചരിപ്പുകർമ്മം നിർവഹിച്ചു.
27-28 • പാലാ രൂപതയിൽ വച്ച് നടന്ന മെത്രാന്മാരുടെ മാസധ്യാനത്തിൽ പങ്കെടുത്തു.
• കുന്നന്താനത്തുള്ള LSDP കോൺവെന്റിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

**ജൂലൈ**

1 • വി. തോമാശ്ലീഹായുടെ ദുക്റാന തിരുനാളിനോട് അനുബന്ധിച്ച് തീർത്ഥാടന കേന്ദ്രമായ കോക്കമംഗലം ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.



2 • രാമനാഥപുരം രൂപതയുടെ രൂപതാദിനത്തോടനുബന്ധിച്ച് രാമനാഥപുരം കത്തീഡ്രലിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.
3 • ദുക്റാന തിരുനാളിൽ കത്തീഡ്രലിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.
• ബഹു. ജേക്കബ് തലാപ്പിള്ളിയച്ചന്റെ പിതൃസഹോദരനായ ജോർജ് അഗസ്റ്റിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ദൈവാലയത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു.
• CMC സിസ്റ്റേഴ്സിന്റെ കോതമംഗലത്തുള്ള വൃദ്ധഭവനത്തിലെ അംഗമായ തോമസിന്റെ മൃതശരീരത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു.
• തൊടുപുഴ സെന്റ് മേരീസ് ആശുപത്രിയുടെ പുതുതായി നിർമ്മിച്ച ബ്ലോക്കിന്റെ വെഞ്ചരിപ്പുകർമ്മം നിർവഹിച്ചു.
4 • കോതമംഗലം കത്തീഡ്രൽ ഇടവകാംഗമായ തേക്കിലക്കാട്ട് ജോസ് മാത്യുവിന്റെ മൃതശരീരത്തിങ്കൽ ഒപ്പീസു ചൊല്ലി പ്രാർത്ഥിച്ചു.
• പെരുമ്പാവൂർ MLA യായ എൽദോസ് പി. കുന്നപ്പിള്ളിയുടെ പിതാവ് കെ.യു. പൗലോസിന്റെ മൃതശരീരത്തിങ്കൽ ഒപ്പീസു ചൊല്ലി പ്രാർത്ഥിച്ചു.
• CMC സിസ്റ്റേഴ്സിന്റെ സ്ഥാപനമായ രാമല്ലൂർ ചാവറ സെന്ററിലെ ജോലിക്കാരെ സന്ദർശിച്ചു.
5 • കോതമംഗലം സോഷ്യൽ സർവീസ് സൊസൈറ്റിയുടെ ആശാകിരണം സംഗമത്തിൽ (കാൻസർ രോഗീ കൂട്ടായ്മ) വി.കുർബാനയർപ്പിച്ച് സന്ദേശം നല്കുകയും, യോഗം ഉദ്ഘാടനം ചെയ്യുകയും ചെയ്തു.
• ബഹു. ജോർജ് മുണ്ടയ്ക്കലച്ചന്റെ അമ്മ മേരി ആന്റണിയുടെ മൃതസംസ്കാര ശുശ്രൂഷകൾക്ക് കത്തീഡ്രലിൽ മുഖ്യകാർമ്മികത്വം വഹിച്ചു.
6 • മൈനർ സെമിനാരിയിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.
8 • തൊടുപുഴയിൽ വച്ചു നടന്ന KRCC മീറ്റിംഗിന് അദ്ധ്യക്ഷത വഹിച്ചു.

- മൂവാറ്റുപുഴ നിർമ്മല പബ്ലിക് സ്കൂളിൽ വച്ചു നടന്ന മിഷൻലീഗിന്റെ ഈ വർഷത്തെ പ്രവർത്തനവർഷോദ്ഘാടനം നിർവഹിച്ച് സന്ദേശം നൽകി.
- മൂവാറ്റുപുഴ NESTT -ൽ വച്ചു നടന്ന ജീസസ് യൂത്ത് സംഗമത്തിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നല്കുകയും തുടർന്നുള്ള മീറ്റിംഗിൽ അദ്ധ്യക്ഷത വഹിക്കുകയും ചെയ്തു.

9 • മലയിൻകീഴ് CMI ആശ്രമത്തിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

10 • തങ്കളം MSJ നേഴ്സിംഗ് കോളേജിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

- നെടിയകാട് ഇടവകയിൽ പുതുതായി നിർമ്മിച്ച സ്കൂളിന്റെ വെഞ്ചരിപ്പു കർമ്മം നിർവഹിക്കുകയും തുടർന്നുള്ള യോഗം ഉദ്ഘാടനം ചെയ്യുകയും ചെയ്തു.
- മാറിക ഇടവകാംഗവും പുറപ്പുഴ പഞ്ചായത്ത് മുൻ വൈസ് പ്രസിഡന്റുമായ ഡെയ്സി തങ്കച്ചന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.
- തൊടുപുഴ വിമലാ പബ്ലിക് സ്കൂളിൽ വച്ചു നടന്ന 'ദീപിക നമ്മുടെ ഭാഷ' യോഗം ഉദ്ഘാടനം ചെയ്തു.
- പ്രെസ്ബിറ്ററൽ കൗൺസിൽ മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു.

11 • കാഞ്ഞിരപ്പിള്ളി കപ്പാട് ആശ്രമത്തിൽ വി. ബനഡിക്ടിന്റെ തിരുനാളിനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

- കാളിയാർ സെന്റ് മേരീസ് സ്കൂളിൽ പുതുതായി നിർമ്മിച്ച സ്മാർട്ട് റൂം, കമ്പ്യൂട്ടർ ലാബ് എന്നിവയുടെ വെഞ്ചരിപ്പ് കർമ്മം നിർവഹിക്കുകയും, പൊതുസമ്മേളനം ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

12 • തൊടുപുഴ സെന്റ് മേരീസ് SABS കോൺവെന്റിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

- മുതലക്കോടം സെന്റ് ജോർജ് സ്കൂളിൽ നടന്ന Merit's Day ഉദ്ഘാടനം ചെയ്യുകയും സമ്മാനദാനം നിർവഹിക്കുകയും ചെയ്തു.
- NESTT-ൽ വച്ചു നടന്ന Pre -Marriage guidence Course - Resource Team അംഗങ്ങളുടെ യോഗം ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി.



13-14 • ആലുവ മംഗലപ്പുഴ സെമിനാരിയിൽ കമ്മീഷൻ മീറ്റിംഗിൽ പങ്കെടുത്തു.

15 • NESTT -ൽ വച്ചു നടന്ന നവാഗതരായ Catechism Teachers-ന്റെ യോഗത്തിൽ പങ്കെടുത്തു.

- രാമല്ലൂർ കൊച്ചുപാലിയത്തിൽ കെ.ജെ. ജോസഫിന്റെ മൃതശരീരത്തിങ്കൽ ഒപ്പീസു ചൊല്ലി പ്രാർത്ഥിച്ചു.

16 • കദളിക്കാട് വിമലമാതാ ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

- കോതമംഗലം തെക്കേക്കര മാത്യു കുരുവിളയുടെ മൃതശരീരത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു.

17 • പെരിങ്ങഴ ഇടവകാംഗമായ മാങ്കുഴ ജോസഫ് - എലിസബത്ത് ദമ്പതികളുടെ നാലാമത്തെ കുട്ടിയായ ആന്റണിയുടെ പ്രവേശക കൂദാശകൾക്ക് പെരിങ്ങുഴ പള്ളിയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

- വാഴക്കുളം വിശ്വജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ പ്രവർത്തനവവർഷം ഉദ്ഘാടനം നിർവഹിച്ചു.
- മൂവാറ്റുപുഴ NESTT-ൽ വച്ചു നടന്ന DFC മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു.

18 • മലയിൻകീഴ് CMC കോൺവെന്റിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

- പ്രയർ ഗ്രൂപ്പിന്റെ മീറ്റിംഗിന് അദ്ധ്യക്ഷത വഹിച്ചു.
- അഗതികളുടെ സന്യാസിനീ സഭാംഗമായ സി. ജെർമാനയുടെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് കോതമംഗലം SD പ്രൊവിൻഷ്യൽ ഹൗസിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

19 • തിരുഹൃദയ സന്യാസിനീ സഭാംഗമായ സി. ജെർമെയിൻ നീറനാലിന്റെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് മൈലക്കൊമ്പ് മഠത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

- ബഹു. ജോസഫ് കണ്ണാത്തുകുഴിയച്ചന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ആരക്കുഴ സെന്റ് മേരീസ് ദൈവാലയത്തിൽ മുഖ്യകാർമ്മികത്വം വഹിക്കുകയും തുടർന്ന് പെരുമ്പല്ലൂർ സിമിത്തേരി കപ്പേളയിലെ പ്രാർത്ഥനകൾക്ക് മുഖ്യകാർമ്മികത്വം വഹിക്കുകയും ചെയ്തു.

# Bishop's Engagements

## August 2017

| | | | | |
|---|---|---|---|---|
| 1-4 | | Priests' Grand Conference | Attapady | |
| 5 | Sat | Holy Family Vestition | Muvattupuzha | 10.00 am |
| | | Vianney Day Celebration | Minor Seminary | 6.00 pm |
| 7-11 | | KCBC | | |
| 12 | Sat | Baptism | Vettimattom | 11.00 am |
| 13 | Sun | Pastoral Visit | Mudanmudy | |
| 15 | Tue | Santa Casa | Thodupuzha | 2.30 pm |
| 17 | Thu | Assisi Bhavan | | 3.00 pm |
| 19 | Sat | Blessing of the Presbytery | Ezhalloor | 7.00 am |
| 20 | Sun | Vincent De Paul Meeting | Cathedral | 3.00 pm |
| 21-Sept.2 | | Bishops' Synod | | |

# നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം

| | | |
|---|---|---|
| ഫാ. ജോർജ് ചാത്തംകോട്ട് | ചരമദിനം | 04-09-1998 |
| ഫാ. ജോർജ് കൊച്ചുപറമ്പിൽ (Sr.) | „ | 05-09-1986 |
| ഫാ. പോൾ മേക്കുന്നേൽ | „ | 06-09-1956 |
| ഫാ. പോൾ മണ്ഡപം | „ | 08-09-2005 |
| ഫാ. ജോസഫ് കക്കുഴിയിൽ | „ | 11-09-2000 |
| ഫാ. വർഗീസ് മൊതകുന്നേൽ | „ | 13-09-2007 |
| ഫാ. ഐസക് കപ്യാരുമലയിൽ | „ | 14-09-2005 |
| ഫാ. സെബാസ്റ്റ്യൻ മഠത്തിനാൽ | „ | 17-09-1999 |
| ഫാ. വർഗീസ് മണിയാട്ട് | „ | 17-09-1977 |
| ഫാ. ജോൺ വള്ളമറ്റം | „ | 19-09-2005 |
| ഫാ. അഗസ്റ്റിൻ നന്ദലത്ത് | „ | 22-09-2013 |
| ഫാ. പീറ്റർ കിഴക്കേടത്ത് | „ | 22-09-2016 |
| ഫാ. സിറിയക് താഴത്തുവീട്ടിൽ | „ | 23-09-2012 |
| ഫാ. മാത്യു വെളിയപ്പിള്ളി | „ | 24-09-1998 |
| ഫാ. പൗലോസ് കാക്കനാട്ട് | „ | 29-09-1975 |



# നിര്യാതരായി

### റവ. സി. സേർവിയ CMC

ഇടവക : കുറവിലങ്ങാട്
ജനനം : 25-12-1930
ആദ്യവ്രതം : 01-05-1957
നിത്യവ്രതം : 29-05-1960
മരണം : 28-05-2017
മൃതസംസ്കാരം : 30-05-2017 **(വാഴക്കുളം)**

### റവ. സി. ജെർമ്മാന മേനാച്ചേരി SD

ഇടവക : വള്ളുവള്ളി
ജനനം : 26-10-1926
ആദ്യവ്രതം : 06-01-1952
നിത്യവ്രതം : 06-01-1958
മരണം : 16-07-2017
മൃതസംസ്കാരം : 18-07-2017 **(കോഴിപ്പിള്ളി)**

### റവ. സി. ജെർമെയിൻ നീറനാൽ SH

ഇടവക : നാകപ്പുഴ
ജനനം : 23-10-1934
ആദ്യവ്രതം : 02-05-1957
നിത്യവ്രതം : 02-05-1960
മരണം : 18-07-2017
മൃതസംസ്കാരം : 19-07-2017 **(മൈലക്കൊമ്പ്)**

### റവ. സി. അസ്സീസി SABS (കിഴക്കേഭാഗം)

ഇടവക : കടവൂർ
ജനനം : 10-04-1931
ആദ്യവ്രതം : 24-04-1965
നിത്യവ്രതം : 24-04-1969
മരണം : 20-07-2017
മൃതസംസ്കാരം : 22-07-2017 **(മാറിക)**